**ദേശചരിത്രം**

ശക്തൻതമ്പുരാൻ കച്ചവടാവശ്യത്തിനു വിദഗ്ദരായ ക്രിസ്ത്യനികളെ കൊണ്ടുവന്നു."പുത്തൻേപട്ട"എന്ന സ്ഥലം രൂപകൽപന ചെയ്തു. അവിടെ സുറിയാനി ക്രിസ്ത്യാനികളുടെ ഇന്നു വലിയപള്ളി എന്നറിയപ്പെടുന്നത് ശക്തൻ തമ്പുരാൻ മാർക്കറ്റിനടുത്തുള്ള പള്ളിയാണ്. അന്നത്തെ ചന്ത ഹവാലക്ക് മാർക്കറ്റ് ഇന്ന് ജയ്ഹിന്ദ് മാർക്കറ്റ്. ഈ ചന്ത പ്ളാവും കൂട്ടം ആയിരുന്നു. പോസ്റ്റ് ഓഫീസ് റോഡിന്റേയും, ഹൈറോഡിനും,പട്ടാളം റോഡിനും ഇടക്കുള്ള റോഡിൽ നിന്ന് മാർക്കറ്റിന്റെ ഉള്ളിലേക്ക് പോകുന്ന സ്ഥലം പ്ളാവിൻ കൂട്ടം. തോട്ടപ്പടിയിലെ ഹിപ്പാടിയെന്ന പ്രദേശം ഫോറസ്റ്റായിരുന്നു. ഹിപ്പാടികുന്ന് തേക്ക്കാടായിരുന്നു. 80ഓളം വീടുകൾ ഉണ്ടായിരുന്ന ഭാഗത്താണ് ഇലക്ട്രിസിറ്റി വന്നത്. കാടിന്റെ കണ്ടെത്താൻ പറ്റാത്ത മുക്കാണ് കണ്ടെത്താമുക്ക്. യൂണിവേഴ്സിറ്റി പണ്ട് വെള്ളക്കാരുടെ എസ്റ്റേറ്റായിരുന്നു. എസ്റ്റേറ്റിന്റെ ഈ ഭാഗത്തായതുകൊണ്ടാണ് തോട്ടപ്പടി എന്ന പേര് വന്നത്.ഇരണ്ട എന്ന പക്ഷി ആ ചാലിനടുത്ത് ധാരാളം ഉണ്ടായിരുന്നത് കൊണ്ടാണ് ഇരണ്ടചാൽ എന്ന പേര് വന്നത്. പോലിസ്/പട്ടാളം പരിശീലനം നടത്തിയിരുന്ന കുന്നാണ് പട്ടാളകുന്ന്. മണ്ണുകുത്തി എന്ന സ്ഥലം ലോപിച്ചാണ് മണ്ണുത്തി ആയത്. അഞ്ചേരി സ്ഥലത്തിന്റെ പഴയ പേര് ഇഞ്ചഗിരി. ഇഞ്ച ധാരാളം ഉള്ളതുകൊണ്ടാണെന്നും പറയപ്പെടുന്നു. കുമാരപുരം രാജാക്കൻമാർ ഏകദേശം എഴുന്നൂറ് കൊല്ലം മുൻപ് ഈ ഭാഗം വാണിരുന്നതായും കേട്ട് കേൾവി ഉണ്ട്. പഴയ തെക്കേഗോപുരം കടന്ന് വരുന്ന പ്രദേശങ്ങളിൽ ഒന്നാണ് ഇത്. ഘോരവനപ്രദേശം ആണെന്നും പറയാം. രാമനിലയത്തെ ദിവാൻസ് ബംഗ്ളാവ് എന്നാണ് പറഞ്ഞിരുന്നത്. ദിവാൻസ് ബംഗ്ളാവിന്റെ അന്നത്തെ സ്ഥലത്താണ് ഇന്ന് റീജണൽ തിയേറ്റർ, മുണ്ടശ്ശേരി സ്മാരകം, ബാലഭവൻ, കെ.ടി.ഡി.സി.എന്നിവ ഉള്ളത്.

എം.ഒ.റോഡ് തെക്കോട്ട് ചെന്ന് മുട്ടുന്ന സ്ഥലം ആണ് മുൻപ് പോസ്റ്റ് ഓഫീസ്. അത് കൊച്ചി ഗവൺമെന്റിന്റെ ആയിരുന്നു.ബാനർജി ക്ളബ് മുതൽ പാലിയം റോഡ് വരെയുള്ള ഭാഗം പള്ളിത്താമം എന്ന് പറയപ്പെടുന്നു. കുടിപള്ളിയുടെ അടുത്ത് ഒരു തോട് ഉള്ളതുകൊണ്ടാണ് കാളത്തോട് എന്ന് പറയപ്പെടുന്നത്. കൊക്കാലയും പൂത്തോളും ചേരുന്ന ഭാഗത്താണ് വഞ്ചിക്കടവ്. കൊച്ചിയിൽനിന്നും ചരക്ക് വന്നിരുന്ന സ്ഥലം ആണ് വഞ്ചിക്കുളം. ഇന്ന് പോളക്കുളമായി ഉപയോഗശൂന്യമായി കിടക്കുകയാണ്. അരണാട്ടുകര കടവാരം പ്രസിദ്ധമായ മത്സ്യത്തിനു പേരുകേട്ട സ്ഥലമായിരുന്നു. അരണാട്ടുകര കോൾ, കൊക്കാല, വഞ്ചിക്കുളം,പൂത്തോൾ പാടശേഖരം, എന്നിവ ജലസംഭരണികളായിരുന്നു. 1956-ൽ പീച്ചി കനാലിൽ നിന്ന് വെള്ളം വന്നിരുന്നു. അരണാട്ടുകര പ്രദേശത്താണ് തരകന്റെ ഭവനം. ശക്തൻ തമ്പുരാൻ ഈ ഭവനം സന്ദർശിച്ചിരുന്നു എന്നും അറിയാൻ കഴിഞ്ഞു. മുൻസിപ്പൽ ഓഫീസിനു മുൻവശത്തായി റിക്ഷാസ്റ്റാന്റ് ആയിരുന്നു.കുറ്റിച്ചാക്കോ ലോന സൺസ് ബിൽഡിങ്ങിന്റെ സ്ഥാനത്ത് തവിടങ്ങാടി ആയിരുന്നു. അറ+നാട്+കര എന്നും ഉപ്പ് സൂക്ഷിച്ചിരുന്ന അറ (ഉപ്പറ) ധാരാളം ഉണ്ടായിരുന്നത് കൊണ്ടും അരനാടും,അരകരയും

ആണെന്നും അങ്ങിനെ അരണാട്ടുകരയായതാണെന്നും പറയപ്പെടുന്നു. ഇതിന്റെ പ്രശസ്തി മുഴുവൻ ജലാശയങ്ങളിൽ ആയിരുന്നു. കൊച്ചിനാട്ടുരാജ്യത്തിന്റെ വടക്കൻ മേഖലയെ കൂട്ടിഇണക്കിയതു വഴി ഗതാഗതമാർഗ്ഗങ്ങളുടെ സംഗമസ്ഥാനം അരണാട്ടുകര തന്നെ. ശക്തൻ തമ്പുരാന്റെ കപ്പിത്താൻ റബ്ബിസ്സൻ.

കുട്ടനാട്ടിലെ പോലെ ധാരാളം നെല്ല് ഉണ്ടാകുന്ന സ്ഥലം ആണ് കുട്ടനെല്ലൂർ. കുറുക്കൻ മാരുടെ താവളമായത് കൊണ്ട് കുർക്കഞ്ചേരി എന്ന പേർ. 10-ാം ഡിവിഷണിലെ ഭാഗങ്ങൾ മിക്കവാറും മുളം കാടുകൾ ആയിരുന്നു. ഇന്റോർ സ്റ്റേഡിയം വരെ വേലി കെട്ടി റോഡുകൾ തിരിച്ചിരിക്കുന്നു. സെന്റ് തോമാസ് കോളേജിലേക്ക് പോകുന്ന റോഡിന്റെ പഴയപേരാണ് ആനവെട്ടുവഴി. തൃശ്ശൂരിൽ അഞ്ച് വിളക്ക് കവലയിൽ നിന്നും തെക്കോട്ട് കൽദാനി, സുറിയാനി പള്ളിവരെ വെട്ടുവഴിഅങ്ങാടി എന്നാണ് പറഞ്ഞിരുന്നത്. വടക്കോട്ട് ആശുപത്രി വരെ പുത്തൂർക്കര അങ്ങാടി എന്നും രണ്ടും കൂടിയത് ഹൈറോഡ് ഇന്നത്തെ സെന്റ് തോമാസ് കോളേജ് ചേറൂരിന്റെ പോത്തൂർ എന്നായിരുന്നു വിളിച്ചിരുന്നത്.

**പ്രാദേശിക ചരിത്രം. ചെമ്പുക്കാവ്**

കൊല്ലംകോട് രാജാവ് പണികഴിപ്പിച്ചിട്ടുള്ളതാണ് “ ആർട്ട് ഗാലറി ”. ഇത് ആദ്യം ടൗൺ ഹാളിലായിരുന്നു. ശക്തൻതമ്പുരാൻ കോവിലകം ഇപ്പോഴത്തെ പാലസ് ഗ്രൗണ്ടിന് തൊട്ടായിരുന്നു. പാലസ് ഗ്രൗണ്ട് എന്ന പേര് വരാൻ കാരണം ഇതായിരുന്നു. ടിപ്പുവിന്റെ പടയോട്ടകാലത്ത് വലിയ കിടങ്ങുണ്ടായിരിന്നു. ടിപ്പു വരാതിരിക്കാൻ വേണ്ടിയാണ് ഇത് പണിതത് കിടങ്ങ് മണ്ണിട്ട് നികത്തിയാണ് സ്റ്റേഡിയം പണി കഴിപ്പിച്ചത്. ടിപ്പുവിന്റെ സ്മാരകം വലിയ കോവിലകത്ത് വച്ചിട്ടുണ്ട്. വടക്കേ സ്റ്റാന്റിലുള്ള ആർച്ച് കെട്ടിടത്തിനുള്ളിൽ ഇത് കാണാം. പാലസ് ഗ്രൗണ്ടാണ് പട്ടാള ക്യാമ്പായും ,കുതിരകളെ കെട്ടുന്ന ആലകളായും ഉപയോഗിച്ചിരുന്നത്.

ഹോലിഫാമിലി സ്കൂളാണ് ഈ ഭാഗത്തെ ഏറ്റവും പഴക്കം ചെന്ന സ്കൂൾ. ഏകദേശം 85 വർഷത്തെ പഴക്കം ഉണ്ട്. വലിയ പതിനാറു കെട്ട് മനകളെല്ലാം ഇവിടെ ഉണ്ടായിരുന്നു. ന്യൂക്ലിയർ കുടുംബമായപ്പോൾ അത് പൊളിച്ച് മാറ്റപ്പെട്ടു. ചെമ്പുകാവിൽ 100 വർഷത്തോളം പഴക്കം ചെന്ന മനകളുണ്ടായിരുന്നു. വലിയകുളങ്ങളും കൃഷിഭൂമികളും ഉണ്ടായിരുന്നു. ഇപ്പോൾ കുളം മൂടിപ്പോയി. പകരം കെട്ടിടങ്ങൾ വന്നു. പാട്ടഭൂമിയായിട്ടാണ് കൃഷിഭൂമി ഉപയോഗിച്ചിരുന്നത്. 70ൽ ഭൂനിയമം ബില്ലുവന്നപ്പോൾ കൈവശക്കാർക്ക് വിട്ടുകൊടുത്തു. പഴയ തച്ചുശാസ്ത്രപ്രകാരം പണി കഴിപ്പിച്ച നാലുകെട്ട് മന ഉണ്ട്. അവിടെ വലിയ കാവുണ്ടായിരുന്നു. ഇപ്പോൾ ഇല്ല.വൈക്കത്തുള്ള “നാഗമ്പുഴി” ഇല്ലത്തേക്ക് ആവാഹിച്ച് കൊണ്ടുപോയി.

ചെമ്പുക്കാവിലെ ചെമ്പുക്കാവ് മന വാസുദേവൻ നമ്പൂതിരി(ശ്രീവത്സം) അദ്ദേഹത്തിന് 57 വയസ്സ് പ്രായം റിട്ടേർഡ് ദേവസ്വം ബോർഡ് സെക്രട്ടറി.

ഈപ്രദേശത്തെ ഏറ്റവും പഴക്കം കൂടിയ മനയാണ് ചെമ്പുക്കാവ് മന.ഈ മന ഇവിടെയുള്ളതിലാണ് ഈ പ്രദേശത്തിന് ഈ പേര് വന്നത്.ഇതിന് 100 വർഷത്തോളം പഴക്കമുണ്ട്. ചെമ്പുക്കാവ് കാർത്ത്യാനി ക്ഷേത്രം ചരിത്ര പ്രാധാന്യമുള്ള 108 ദുർഗ്ഗാമ്പലങ്ങളിൽ ഒന്നാണിത്. അമ്പലത്തിന്റെ പഴക്കം അറിയണമെങ്കിൽ ശ്രീകോവിലിന്റെ പാദുകത്തിൽ പട്ടെഴുത്ത്, കോലെഴുത്ത് ഉണ്ട്. ആർക്കും ഇതുവരെ അതിന്റെ പഴക്കം നിർണയിക്കാൻ കഴിഞ്ഞിട്ടില്ല. " പണ്ടാരം കയറുക " എന്ന രീതിയിൽ സർക്കാരിലേക്ക് കണ്ടുകെട്ടി ഇപ്പോൾ ദേവസ്വം ബോർഡിന്റെ കീഴിലാക്കി.

**പണ്ടാരം കയറുക**

"പണ്ടാരം" എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് " ഭണ്ഡാരം " എന്നാണ് പണ്ട് രാജാക്കൻമാർക്ക് സ്വകാര്യസ്വത്തുകൾ സർക്കാരിലേക്ക് മുതൽക്കൂട്ടുവാൻ അധികാരം ഉണ്ടായിരുന്നു. ഈ രീതിയെയാണ് " പണ്ടാരം കയറുക " എന്നു പറയുന്നത് നിധി കിട്ടിയാൽ അതിന്റെ സർവ്വ അധികാരവും രാജാവിൽ നിക്ഷിപ്തമാണ്. ദേവസ്വം ബോർഡിന്റെ കീഴിൽ 400 ക്ഷേത്രങ്ങൾ ഉണ്ട്. കാർത്ത്യായനി ക്ഷേത്രത്തിന് ഒരു ക്ഷേത്രകുളവുമുണ്ട്.

1923(മലയാളവർഷം 1099) ൽ വെള്ളപൊക്കം ഉണ്ടായി (കർക്കിടമാസം)

1941(മലയാളവർഷം1116 -എടവം 13 ന്) കൊടുങ്കാറ്റ് ഉണ്ടായി.

പട്ടത്ത് പാടം (നീറോലിപ്പാടം എന്നാണ് ആദ്യം അറിയപ്പെട്ടിരുന്നത്-കാരണം ആ ഭാഗത്ത് ധാരാളം നീറോലി ച്ചെടികൾ ഉണ്ടായിരുന്നു.) പട്ടാണിതോപ്പ് എന്നാണ് വി.ജി.ശങ്കരൻമാസ്റ്ററുടെ വീടിരുക്കുന്ന ഭാഗം അറിയപ്പെട്ടിരുന്നത്. കാരണം ഇവിടെയൊരു മാവിൻേതാപ്പായിരുന്നു. ഇത് നോക്കിനടത്താൻ കിഴക്കുനിന്നും പട്ടാലി എന്നയാളെ നിയമിച്ചു. പട്ടാലിതോപ്പ് എന്നാണ് ഇതാദ്യം അറിയപ്പെട്ടിരുന്നത്. ഉച്ചാരണവ്യത്യാസം കൊണ്ട് കാലക്രമേണ പട്ടാണിതോപ്പ് എന്നായി മാറി.

പട്ടത്ത് പാടത്തിനപ്പുറം -ചീപ്പുനടുത്ത് ഉറുപാടം ഉണ്ട്. ഉറു ധാരാളം ഉള്ളതിനാൽ ഉറുപ്പാടം എന്ന് പറയുന്നു.അതിനടുത്ത് മനപ്പട്ടക്കുളം ഉണ്ട്.

ഈ പ്രദേശം മുഴുവൻ കൊച്ചിരാജാവ് ശങ്കരവാര്യരിൽ തൃപ്തനായി അദ്ദേഹത്തെ നോക്കാനേല്പിച്ചു. നികുതി ചുമത്തി ശങ്കരവാര്യർ ഈ പ്രദേശമെല്ലാം കൈക്കലാക്കിയെന്ന് പറയപ്പെടുന്നു.

ദിവാൻ ശങ്കരവാര്യരുടെ കാലത്താണ് പടവരാട് തോടുണ്ടാക്കിയത്. ജലസേചനസൗകര്യാർത്ഥമാണ് ഇത് നിർമ്മിച്ചത്. ഒരു ദിവസംകൊണ്ടാണ് ഇത് നിർമ്മിച്ചത്.

എടക്കുന്നിയിൽ ധാരാളം കുന്നുകളുള്ള പ്രദേശമായിരുന്നു .അതിനാലാണ് എടക്കുന്നി എന്ന പേരുവന്നത് എന്ന് പറയപ്പെടുന്നു.

ഒല്ലൂർ പള്ളിഗ്രൗണ്ട്- പള്ളിയുടെ മണിമാളികയുടെ നേരെ ഒരു തോടുണ്ടായിരുന്നു.

**അരണാട്ടുകരയിലെ തരകൻ കുടുംബം**

നൂറ്റാണ്ടുകൾക്ക് മുമ്പ്, തൃശ്ശൂർ പട്ടണം രൂപീകരിക്കുന്നതിനു മുമ്പ് പാലയൂരിൽ നിന്നൊ ചേന്ദമംഗലത്തു നിന്നൊ വന്ന ചിറമ്മേൽ കുടുംബക്കാരിൽ ഒരു കാരണവർ അരണാട്ടുകരയിലെത്തി താമസമാരംഭിച്ചു. പ്രശസ്തനായ ഒരു വാണിജ്യ കേന്ദ്രമായിരുന്നു അരണാട്ടുകര. ആയുർവേദ ശാസ്ത്രത്തിലും അതിന്റെ ചികിത്സാമുറയിലും ചിറമ്മേൽ കാരണവർ അതിപ്രശസ്തനായിരുന്നു. ഇദ്ദേഹം അളവറ്റ സ്വത്തിനും ജനസ്വാധീനത്തിലും ശ്രദ്ധേയനായിരുന്ന കാലത്താണ് കൊച്ചി മഹാരാജാവിന് മാരകമായ രോഗം പിടിപ്പെടുകയും അക്കാലത്തെ പ്രഗല്ഭരായ വൈദ്യന്മാർ കൈയൊഴിയുകയും ചെയ്തത്. അവസാനം പ്രശസ്ത വൈദ്യശ്രേഷ്ഠനെ തൃപ്പൂണിത്തറ കൊട്ടാരത്തിൽ വരുത്തി ചികിത്സിപ്പിക്കുകയും തൽഫലമായി മരണവക്കിൽ നിന്നും മഹാരാജാവിനെ രക്ഷിക്കുകയും ചെയ്തു. ചിറമ്മേൽ കുടുംബത്തിന്റെ പ്രതാപം അടിക്കടി ഉയരുകയായിരുന്നു. രാജാവ് അളവറ്റ ഭൂമി കാരണവർക്കു കരം ഒഴിവാക്കി നൽകുകയും ഇദ്ദേഹത്തെ കൊച്ചി രാജാവിന്റെ രാജധാനി വൈദ്യൻ എന്ന് രാജകീയ വിളംബരം നടത്തുകയും ചെയ്തു.

ധാരാളം സ്വത്തുള്ളതുകൊണ്ടും കരം ഒഴിവായി രാജാവിൽ നിന്നും ഭൂമി ലഭിച്ചതു കൊണ്ടും എല്ലാം ഇദ്ദേഹത്തിന്റെ പൊതുജന സ്വാധീനം വർദ്ധിപ്പിച്ചു. തലമുറകളായി ഇത് നിലനിന്നുപോന്നു.

**തരകൻ പദവി**

കോഴിക്കോട് സാമൂതിരിമാരും കൊച്ചി മഹാരാജാക്കന്മാരും തമ്മിൽ നൂറ്റാണ്ടുകളായി ആഭ്യന്തര കലഹം തുടർന്നു വന്നു. എ.ഡി 15-ാം നൂറ്റാണ്ടുകളിലാകട്ടെ അത് മൂർച്ചിച്ചു. ഒരു നാൾ കൊച്ചിരാജാവിനെ വധിക്കുക എന്ന ലക്ഷ്യത്തോടെ സാമൂതിരി സൈന്യം കൊച്ചി രാജാവിന്റെ തൃശ്ശൂർകോട്ട വളയുകയുണ്ടായി. കൊച്ചി സൈന്യം പതറിപോവുകയാണുണ്ടായത്. തൃശ്ശൂരിൽ അന്ന് താവളമടിച്ചിരുന്ന കൊച്ചി സൈന്യത്തിന്റെ എണ്ണം പരിമിതമായിരുന്നു. രാജാവിനെ എങ്ങനെയെങ്കിലും പുറത്തെത്തിച്ച് അരണാട്ടുകരയിൽ എത്തി വള്ളത്തിൽ തൃപ്പൂണിത്തറയിൽ എത്തിക്കണം. അതുമാത്രമായിരുന്നു അവർക്കു മുമ്പിലെ ഏക മാർഗ്ഗം. സർവ്വാധികാര്യക്കാർ അരണാട്ടുകരയിൽ നിന്ന് അന്നത്തെ ചിറമ്മേൽ കാരണവർ ഔസേപ്പ് വൈദ്യനെ വിളിപ്പിച്ചു. രാജാവിനെ രക്ഷപ്പെടുത്താനുള്ള ദൗത്യം കാരണവർ സധൈര്യം ഏറ്റെടുത്തു. സാമൂതിരി ബ്രഹ്മണഭക്തനായതുകൊണ്ട് ഒരു സാമൂതിരിയെ

ഉപദ്രവിക്കില്ലെന്ന് മനസ്സിലാക്കിയ കാരണവർ സാമൂതിരി സൈന്യം വളഞ്ഞിരിക്കുന്ന ആ കോട്ടയിലേക്ക് ഒരു സാമൂതിരിയെ പറഞ്ഞയക്കുകയും ആ വേഷത്തിൽ രാജാവിനെ അയാൾക്കു പകരം പുറത്താക്കുകയും ചെയ്യാം എന്ന ഉപായം കണ്ടെത്തി. ആ പദ്ധതി വിജയിക്കുകയും ചെയ്തു. കോട്ടയ്ക്കു പുറത്ത് ഇരുട്ടിൽ ഒളിച്ചിരുന്ന സർവ്വാധിക്കാരും ഔസേപ്പ കാരണവരും ചേർന്ന് രാജാവിനെ ഉടൻതന്നെ അരണാട്ടുകരയിലെത്തിച്ചു. ഇരുട്ടിൽ വള്ളമൂന്നാൻ പ്രവീണ്യമുള്ള 18 തുഴക്കാരെ ഔസേപ്പ് തെരഞ്ഞെടുക്കുകയും കായലിൽ വെച്ച് ആക്രമണം ഉണ്ടായാൽ ആയുധപ്രയോഗമറിയാവുന്ന തന്റെ ഭൃത്യന്മാരും ചേർത്ത് ഒരു വള്ളം തയ്യാറാക്കി നിർത്തിയിരുന്നു. രാജാവിനെ വള്ളത്തിലേറ്റി രാത്രിരായ്മാനം കൊച്ചിയിലെത്തിച്ചു. രാജാവിനേയും രാജ്യത്തെയും രക്ഷപ്പെടുത്തിയ മഹത്തായ പ്രവർത്തിക്ക് ആദരണീയ പാരമ്പര്യവകാശത്തോടുകൂടിയ തരകൻ എന്ന സ്ഥാനപേര് ചിറമ്മേൽ കാരണവർക്കു കൊച്ചി തമ്പുരാൻ കല്പിച്ചു നൽകി. അന്നു മുതൽ ഈ കുടുംബത്തിലെ അംഗങ്ങൾ തറവാട്ടു പേരിനൊപ്പം തരകൻ എന്ന സ്ഥാനപ്പേരും ചേർത്ത് അറിയപ്പെടാൻ തുടങ്ങി.

**തരകൻ പദവിയും അധികാരങ്ങളും**

തരകൻ സ്ഥാനം ലഭിച്ചതോടെ ഒട്ടേറെ അവകാശാധികാരങ്ങളും കരമൊഴിവായി ധാരാളം സ്വത്തും തറവാടിനു ലഭിച്ചു. ക്രിസ്ത്യൻ പള്ളികളിൽ നിന്ന് രാജഭോഗം പിരിച്ചെടുത്ത് അനുഭവിക്കാനുള്ള അധികാരവും നൽകി. അങ്ങനെ രാജ്യത്തെ ക്രൈസ്തവർക്കിടയിലും കുടുംബകാരണവർക്കു മാന്യ സ്ഥാനം ലഭിച്ചു. വീടിനുള്ളിൽ പള്ളി സ്ഥാപിച്ച് കുർബാന നടത്താനുള്ള അധികാരം സഭ നൽകി. ചിറനമ്മേൽ കാരണവർക്ക് അരണാട്ടുകരയ്ക്ക് പുറത്തുപോയി താമസിക്കേണ്ടി വന്നാൽ അന്നത്തെ രീതിയനുസരിച്ച് ദൈനംദിന ചെലവുകൾക്കായി അഞ്ചക്കാലും കോപ്പും അനുവദിച്ച് ചെമ്പ് തകിടും നൽകുകയും ചെയ്തിരുന്നു. മൂന്നു കുതിരകളെ പൂട്ടിയ രഥത്തിൽ സഞ്ചരിക്കാനുള്ള അധികാരവും ചിറമ്മേൽ തരകനു ലഭിച്ചു. അക്കാലത്തു ഈ രഥയാത്രക്കു മൂന്നുപേർക്കു മാത്രമേ അനുവാദമുണ്ടായിരുന്നുള്ളൂ. ആ മൂന്നുപേർ- നാട്ടുവാഴി, ദിവാൻജി, ചിറമ്മേൽ തരകൻ.

**അന്തോണി തരകൻ**

എല്ലാകാലത്തും കാരണവർക്ക് ഒരു പിൻഗാമിയെ ഉണ്ടായിരിന്നുള്ളൂ. അഥവാ രണ്ടു മക്കൾ ഉണ്ടായാൽ ഒരാൾക്ക് സന്തതികൾ ഇല്ലാതെ വരികയോ ചെറുപ്പത്തിൽ തന്നെ മരിച്ചു പോവുകയോ ചെയ്തിരുന്നു. അതുകൊണ്ട് ഒരു കാലത്തും സമ്പത്ത് ഭാഗം വെക്കേണ്ട അവസരം ഉണ്ടായിട്ടില്ല. കാരണവരായി തീരുന്നയാൾ തരകൻ സ്ഥാനവും വൈദ്യവൃത്തിയുമായി നിലനിന്നു പോന്നു. ഈ കാരണവരിൽ ഏറെ പ്രശസ്തനായ ഒരാളാണി അന്തോണി തരകൻ. 33 വയസുവരെ മാത്രമേ ജീവിച്ചിരുന്നുലള്ളുവെങ്കിലും ഇത്രയും പ്രായത്തിൽ ഏറെ ബഹുമതികൾക്കും ആദരവിനും പാത്രമായ ഒരു വ്യക്തി കേരളത്തിലെ കത്തോലിക്കരിലും മറ്റു സമുദായത്തിലും ഉണ്ടായെന്നു വരില്ല. ചിറമ്മേൽ കുടുംബത്തിലെ ഏറ്റവും പ്രഗല്ഭനും ധനാഢ്യനും പൊതുജനോപകാരിയുമായി അന്തോണി തരകൻ തിളങ്ങി നിൽക്കുന്നുണ്ട്. പരമ്പരാഗതമായി ലഭിച്ച

വൈദ്യവൃത്തിയിൽ അതിനിപുണനായിരുന്നു. രാജാവിന്റെ പ്രത്യേക രാജധാനി ചികിത്സകനായിരുന്നു. വൈദ്യരത്നം ബഹുമതികളും കൂടാതെ അന്നത്തെ ഏറ്റവും വലിയ ബഹുമതിയായ മാടമ്പി സ്ഥാനവും മഹാരാജാവ് കല്പിച്ചു നല്കി. ഇദ്ദേത്തെ കൊച്ചിരാജാവിന്റെ ഭരണസമിതിയിലെ ഒരേ ഒരു ക്രിസ്ത്യൻ മെമ്പറായി നിയമിക്കാൻ തീരുമാനിച്ചു.ധനാഢ്യനും സാമൂഹ്യപരിഷ്കർത്താവും സേവന തൽപ്പരനും പരോപകാരിയും രാജ്യത്തെമ്പാടും ആദരണീയനും സർവ്വോപരി ഉത്തമ കത്തോലിക്കനും ആയിരുന്ന ഈ പ്രഗല്ഭമതിക്ക് 1911 അന്നത്തെ പരിശുദ്ധ പിതാവ് പത്താം പിയൂസ് മാർപ്പാപ്പ തൃശ്ശൂർ രൂപതയിൽ അന്നുവരെ ആർക്കും നല്കപ്പെടാത്തതും ഇന്നുവരെ ആർക്കും കിട്ടാത്തതുമായ പദവി നല്കി ബഹുമാനിച്ചു. ഇദ്ദേഹത്തിന്റെ മഹത്തായ സേവനങ്ങൾ കേരള കത്തോലിക്ക സഭക്കും രാജ്യത്തിനും ഒരു കാലത്തും മറക്കാൻ സാധിക്കുകയില്ല.

**പുരാവസ്തു കേന്ദ്രം**

അന്തോണി തരകന്റെ മരണത്തോടെ തറവാടിന്റെ പ്രതാപം അവസാനിച്ചുവെന്ന് കാണാം. അന്തോണിയുടെ ഭാര്യാവീട്ടുകാർ ഭരണം ഏറ്റെടുത്തു. ഭൂസ്വത്തുക്കൾ ക്രമേണ നശിച്ചു. കുടിയാന്മാരും പാട്ടക്കാരും കേസു നടത്തി ഭൂമി പലതും കൈക്കലാക്കി. ഭൂനിയമം വന്നതോടെ ഭൂമിയും കൈവിട്ടു. ശേഷിച്ച അവകാശികളായ ഈനാശുവും മാത്യുവും തൃശ്ശൂർ ബിഷപ്പ് പാലസിലാണ് വളർന്നത്. പ്രായപൂർത്തിയായതോടെ ഇവർ കുടുംബ ഭരണം തിരിച്ചുപിടിച്ചു. അവശേഷിച്ച മുന്നരേക്കർ സ്ഥലവും പഴയ പ്രതാപത്തിന്റെ ബാക്കിപത്രമായ എട്ടുകെട്ടും ഇളയ മകൻ മാത്യു തരകന്റെ കൈവശം വന്നു ചേർന്നു. പലതും നശിക്കപ്പെട്ടുവെങ്കിലും അവശേഷിക്കുന്നവ ബംഗ്ളാവിലെ ഒരു മുറിയിൽ മനോഹരമായി ഒരുക്കി വച്ച് ഒരു മ്യൂസിയമാക്കി മാറ്റിയിരിക്കുകയാണിപ്പോൾ. വല്ലപ്പോഴും ആരെങ്കിലും ഇവ കാണാനെത്തുന്നുണ്ടെങ്കിൽ കാണിച്ചു കൊടുക്കാൻ കുടുംബാംഗങ്ങൾ തയ്യാറാണ്.

കെട്ടിടത്തിന്റെ നിർമ്മിതി അസൂയാവഹമായിരുന്നു. നാലുചുറ്റും കല്ലുകെട്ടി നടുവിൽ മണൽ നിറച്ചു നിർമ്മിച്ച ഭിത്തികൾ. വീതിയും കനവും ഏറെയുള്ള ആനവാതിലുകൾ, ഈട്ടിയിലും തേക്കിലുമാണ് മരഉരുപ്പടികൾ തീർത്തിട്ടുള്ളത്.

ഒരാൾക്ക് സുഖമായി ഒളിച്ചിരിക്കാൻ കഴിയുന്ന വലിയ ചീന ഭരണി , നൂറ്റാണ്ടുകളുടെ പഴക്കമുള്ള വീഞ്ഞു ഭരണികൾ, പലതരം കളിമൺപാത്രങ്ങൾ, കൊത്തുപണി ചെയ്ത ഇരിപ്പിടങ്ങൾ, ഊണുമേശ, സപ്രമഞ്ചക്കട്ടിൽ, രണ്ട് തിരിയുള്ള ഓട്ടുമേശ വിളക്ക്, തൂക്കുവിളക്കുകൾ, നിലവിളക്കുകൾ, വെള്ളിക്കോൽ, വടിവാൾ, അംഗരക്ഷകരുടെ വാളുകൾ, കല്ലു കോണ്ടു ഉമി പൊടിക്കുന്ന ഉപകരണം, ഒറ്റത്തടിയിൽ തീർത്ത ഭീമൻ തവിടിൻ കുറ്റി മുതലായവ മുറിയിൽ സൂക്ഷിച്ചിരുന്നു. ഒറ്റത്തടിയിലുണ്ടാക്കിയ പത്തായം മറ്റൊരത്ഭുതമാണ്. 150 പറനെല്ല് കൊള്ളുന്ന ഇതിനു ഏഴര അടി നീളവും മൂന്നരയടി വീതിയും ഉണ്ട്. പുരാതനമായ ഒട്ടേറെ ഔഷധയോഗങ്ങളടങ്ങിയ താളിയോല ഗ്രന്ഥങ്ങൾ പ്രത്യേകമായി നിർമ്മിച്ചിട്ടുള്ളപ്പെട്ടിയിൽ അടുക്കിവെച്ചിരിക്കുന്നു. ഗ്രാന്റ്

ഷെവലിയർ അന്തോണി തരകന്റെ സ്ഥാനചിഹ്നങ്ങളും സ്ഥാന വസ്ത്രങ്ങളുമാണ് മുറിയിലെ മറ്റൊരു കൗതുകം. അംഗവാൾ, പോപ്പിന്റെ മുദ്രയുള്ള മെഡൽ, അരയന്നത്തൊപ്പി മുതലായവയാണ് അവ.

കെട്ടിടസമുച്ചയത്തിനുള്ളിലുണ്ടായിരുന്ന പള്ളി 20 വർഷം മുമ്പ് പൊളിച്ചു. പള്ളിയിലുണ്ടായിരുന്ന തിരുരൂപങ്ങൾ ഒരു അലമാരയിൽ സൂക്ഷിച്ചിരിക്കുന്നു. മരത്തിൽ തീർത്തതാണിവയെല്ലാം. ഏഴ് പുണ്യാളന്മാരുടെ തുരുശേഷിപ്പുകളാണ് മറ്റൊരപൂർവ്വ വസ്തു.

തിളക്കമാർന്ന ചരിത്രം മയങ്ങുന്ന ഈ തറവാടിൽ ഇപ്പോൾ താമസിക്കുന്നത് (2003 ഡിസംബർ) തറവാട് തിരിച്ചു കിട്ടിയ മാത്യു തരകന്റെ മകൻ ആന്റണി തരകന്റെ ഭാര്യ റാണിയും മക്കൾ ജോണും മാത്യുവും ആണ്. ഈ ആന്റണി തരകൻ 2003 നവംബറിൽ മൃതിയടഞ്ഞു.

47-ാം ഡിവിഷനിൽ ജോൺ മത്തായി സെന്ററാണ്. ജോൺ മത്തായിയുടെ പഴയ വേനൽക്കാല ബംഗ്ളാവ് എന്നറിയപ്പെടുന്ന ആ കെട്ടിടത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഇക്കണോമിക്സ് ഡിപ്പാർട്ടുമെന്റും മറ്റൊരു കെട്ടിടത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വേറൊരു ഡിപ്പാർട്ടുമെന്റും പ്രവർത്തിച്ചുവരുന്നു.

ജോൺ മത്തായി 1886 ജനുവരി 10-ാം തിയതി കോഴിക്കോട്ടു ജനിച്ചു. പിതാവ് തോമസ് മത്തായി മദ്രാസ് ഗവൺമെന്റ് സർവ്വീസിൽ സ്കൂൾ ഇൻസ്പെക്ടർ ആയിരുന്നു. കോട്ടയത്തെ തയ്യൽ കുടുംബാംഗമായിരുന്നു മാതാവ് അന്ന ജോൺ മത്തായി. തോമസ് മത്തായിയുടെ അഞ്ചാമത്തെ പുത്രനാണ് ഏഴാമത്തെ കുട്ടിയും. അദ്ദേഹത്തിന്റെ രണ്ടു സഹോദരന്മാർ വിദ്യാഭ്യാസ ഡയറക്ടറായിട്ടുണ്ട്. ഇന്നത്തെ ക്രിസ്ത്യൻ കോളേജ് ഹൈസ്കൂൾ, കോഴിക്കോട് സാമൂതിരി കോളേജ് (ഗുരുവായൂരപ്പൻ കോളേജ് ), മദ്രാസ് ക്രിസ്ത്യൻ കോളേജ്, മദ്രാസ് കോളേജ് എന്നിവിടങ്ങളിലാണ് ജോൺ മത്തായി വിദ്യാഭ്യസം നടത്തിയത്. അതിസമർത്ഥനായ വിദ്യാർത്ഥിയായിരുന്നു അദ്ദേഹം. തൊഴിലിൽ മന:സാക്ഷി നൊമ്പരപ്പെട്ട അഭിഭാഷകവൃത്തി ഉപേക്ഷിച്ച് മദ്രാസ് വൈ.എം.സി.എ യുടെ അസിസ്റ്റന്റ് ജനറൽ സെക്രട്ടറിയായി ചേർന്നു. പക്ഷേ അതും താമസിയാതെ ഉപേക്ഷിച്ചു. പിന്നീട് സ്കൂൾ ഇക്കണോമിക്സിൽ ചേർന്നു. പ്രശസ്ത സാമൂഹ്യ ചിന്തകനായ പ്രൊഫ. സിഡ്നി വെബ്ബിന്റെ കീഴിൽ ഡി.എസ്സ് ബിരുധത്തിന് വേണ്ടി പഠനം നടത്തി. ഹൊറേസ് പ്ളങ്കറ്റ് എന്ന പ്രസിദ്ധ കോ-ഓപ്പറേറ്ററുടെ കീഴിൽ അല്പകാലം അദ്ദേഹം അയർലാന്റിലും ചെലവഴിച്ചു. 1918 ഒക്ടോബറിൽ , മദ്രാസിൽ കോ ഓപ്പറേറ്റീവ് സൊസൈറ്റികളുടെ അസി. രജിസ്ട്രാറായാണ് അദ്ദേഹത്തിന്റെ ഔദ്യോദിക ജീവിതത്തിന്റെ തുടക്കം.1920 ൽ അദ്ദേഹം സഹകരണ വകുപ്പു വിട്ടു. 1921 ൽ മദിരാശി പ്രസിഡൻസി കോളേജിൽ സാമ്പത്തിക ശാസ്ത്ര വിഭാഗം പ്രൊഫസറായി നിയമനം ലഭിച്ച അദ്ദേഹം 1925 വരെ പ്രസ്തുത ജോലിയിൽ തുടർന്നു. ആയിടക്ക് മദിരാശി ഗവർണർ നിയമ നിർമ്മാണ സഭയിലേക്ക് അദ്ദേഹത്തെ

നാമനിർദ്ദേശംചെയ്യുകയുണ്ടായി.1925 മുതൽ താരിപ്പ് ബോർഡ് അംഗമായി പ്രവർത്തിച്ച ജോൺ മത്തായി 1931 ൽ പ്രസ്തുത ബോർഡിന്റെ ചെയർമാൻ സ്ഥാനത്തേക്ക് അവരോധിക്കപ്പെട്ടു. 1940 ൽ ഗവൺമെന്റ് ഉദ്യോഗത്തിൽ നിന്നും വിരമിക്കുമ്പോൾ ഇന്ത്യ ഗവൺമെന്റിന്റെ കൊമേഷ്യൽ ഇന്റലിജൻസ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗത്തിന്റെ ഡയറക്ടർ ജനറലായിരുന്നു അദ്ദേഹം. സുപ്രധാനമായ ഈ സ്ഥാനത്തേക്ക് നിയമിതനാകുന്ന ആദ്യത്തെ ഇന്ത്യക്കാരൻ ജോൺ മത്തായി ആയിരിന്നു. കേന്ദ്ര നിയമ നിർമ്മാണ സഭയിലേക്കും ആ കൊല്ലം തന്നെ അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ടാറ്റ സ്ഥാപനത്തിന്റെ അഭ്യർത്ഥന മാനിച്ച് 1941 ൽ ഇന്ത്യ ഗവൺമെന്റ് അദ്ദേഹത്തിന്റെ സേവനം ടാറ്റയ്ക്ക് വിട്ടു കൊടുത്തു. ടാറ്റ കെമിക്കൽസ്, ടാറ്റ ഇൻഡസ്ട്രീസ്, ടാറ്റ അയൺ ആന്റ് സ്റ്റീൽ കമ്പനി തുടങ്ങിയവയുടെ ഡയറക്ടറായിരുന്ന ജോൺ മത്തായി പല ടാറ്റ സ്ഥാപനങ്ങളുടേയും മേധാവിയായിട്ടുണ്ട്.

അധികാര കൈമാറ്റത്തെ തുടർന്ന് 1946 ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ രൂപീകൃതമായ പന്ത്രണ്ടംഗ എക്സിക്യൂട്ടീവ് കൗൺസിലിൽ അന്നത്തെ മന്ത്രിസഭ ഡോ. ജോൺ മത്തായി ധനകാര്യ മെമ്പറായി നിയമിതനായി.. അതിനുശേഷം 1947 ജനുവരിയിൽ ആസഫ് അലിയുടെ അധീനതയിലായിരുന്ന ഗതാഗതം, റെയിൽവേ എന്നീ വകുപ്പുകളുടേയും ചുമതല മത്തായിക്കു ലഭിച്ചു. സ്വാതന്ത്ര്യാനന്തര മന്ത്രിസഭയിൽ ധനകാര്യ മന്ത്രിയായി വീണ്ടും നെഹ്റു അദ്ദേഹത്തെ നിയമിച്ചു. നിരവധി സങ്കീർണ്ണമായ പ്രശ്നങ്ങളാൽ വലയം ചെയ്യപ്പെട്ടിരുന്ന ധനകാര്യ വകുപ്പ് സർ ഷൺമുഖം ഷെട്ടി കൈയൊഴിഞ്ഞ അവസരത്തിലാണ് ഈ നിയമനം. ആസൂത്രണ കമ്മീഷൻ രൂപീകരിച്ചതിനെ സംബന്ധിച്ച് നെഹ്രുവുമായുണ്ടായ അഭിപ്രായ വ്യത്യാസത്തെ തുടർന്ന് മന്ത്രിസ്ഥാനം രാജി വച്ചു.

1953 ൽ കേന്ദ്ര ടാക്സേഷൻ എൻക്വയറി കമ്മീഷൻ ചെയർമാനായി. 1955 ൽ ബോംബെ സർവ്വകലാശാലയിലെ വൈസ് ചാൻസലറായി. ഗവർണർ സർവ്വകലാശാല ഭരണത്തിൽ ഇടപെടാൻ ശ്രമിച്ചതിനെ തുടർന്ന് ഡോ. ജോൺ മത്തായി തൽസ്ഥാനം രാജി വച്ചു. അദ്ദേഹം അവസാനമായി സേവനം അനുഷ്ഠിച്ചത് കേരള സർവ്വകലാശാലയുടെ വൈസ് ചാൻസലറായാണ്.

1958 ൽ പത്മഭൂഷൻ ബഹുമതി സ്വീകരിക്കാൻ പണ്ഡിത് നെഹ്റു അഭ്യർത്ഥിച്ചുവെങ്കിലും ആദ്യം സ്വീകരിച്ചില്ല. അതൊരു ബഹുമതിയല്ല, അംഗീകാരം മാത്രമാണെന്ന സ്നേഹ വിശേഷമായ നിർബന്ധത്തിനു മുമ്പിൽ തലകുനിച്ചാണ് അദ്ദേഹം പിന്നീടതു സ്വീകരിച്ചത്.

1955 ൽ രൂപം കൊണ്ട സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒന്നാമത്തെ ചെയർമാൻ ദർഹിയിൽ സ്ഥാപിതമായ നാഷണൽ ഓഫ്അപ്ലൈഡ് ഇക്കണോമിക് റിസർച്ച് എന്ന സ്ഥാപനത്തിന്റെ ഒന്നാമത്തെ പ്രസിഡന്റ്, 1957 ൽ ഹൈദരാബാദിൽ

സ്ഥാപിതമായ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജിന്റെ ഭരണ സമിതിയുടെ ഒന്നാമത്തെ അദ്ധ്യക്ഷൻ , 1957 ൽ രൂപം കൊണ്ട ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ഒന്നാമത്തെ ചെയർമാൻ ഈ അപൂർവ്വ ബഹുമതികൾ ഡോ.ജോൺ മത്തായിക്കുള്ളതാണ്. എഫ്.എ.സി.ടിയുടെ ചെയർമാനായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

1959 നവംബർ 2 ന് അർബുദ രോഗത്തെ തുടർന്ന് ബോംബെയിലെ ടാറ്റ കാൻസർ ഹോസ്പിറ്റൽ വെച്ച് ഇഹലോകവാസം വെടിഞ്ഞു. അവിടത്തന്നെ അദ്ദേഹത്തിന്റെ അന്ത്യകർമ്മങ്ങളും കഴിഞ്ഞു.

വ്യത്യസ്ത നിലകളിൽ ദേശീയ ജീവിതത്തിനു മിഴിവും ശക്തിയും പകർന്ന ഡോ.ജോൺ മത്തായിയെ കുറിച്ച് കേരളത്തിന് അന്നും ഇന്നും അഭിമാനിക്കാം. അദ്ദേഹത്തിന്റെ നാമത്തിൽ കാലിക്കറ്റ് സർവ്വകലാശാല അരണാട്ടുകരയിൽ വളരെ ഭംഗിയായി പ്രവർത്തിക്കുന്ന രണ്ട് വകുപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്- സാമ്പത്തിക ശാസ്ത്ര വകുപ്പും , നാടക വിഭാഗവും. ഡോ. ജോൺ മത്തായി തന്റെ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ കുറേ നാൾ വിശ്രമിക്കാനൊരുങ്ങിയ വലിയൊരു വീടും വിസ്തൃതമായ 18 ഏക്കറോളം ഭൂമിയും അദ്ദേഹത്തിന്റെ സഹധർമ്മിണി ശ്രീമതി അച്ചാമ്മ മത്തായി യൂണിവേഴ്സിറ്റിക്കു നൽകിയതുമൂലമാണ് ആ രണ്ടു സ്ഥാപനങ്ങളും അവിടെ ആരംഭിച്ചത്. പ്രകൃതി മനോഹരമാണ് അരണാട്ടുകരയിലെ ഡോ.ജോൺ മത്തായി സെന്റർ. മരങ്ങളും ചെടികളും ഇടതൂർത്ത് വളർന്നൊരുങ്ങിയ കാനന ഭംഗി നിറഞ്ഞ പരിസരം അതിനുചുറ്റും പണ്ടു പ്രസിദ്ധമായ അരണാട്ടുകരയിൽ ഒരു യൂണിവേഴ്സിറ്റിയുടെ ആഴവും പരപ്പുമുള്ള പഠനത്തിനും നിശബ്ദമായ ഗവേഷണത്തിനും പ്രകൃതി കനിഞ്ഞു നൽകിയ ശാന്തമായ അന്തരീക്ഷം .ഇപ്പോൾ ഇവിടെ ദിനാന്ത്യം വരെ രണ്ടു വകുപ്പുകളിലേയും ബോധനം നടക്കുന്നു. സന്ധ്യവേളകളിൽ സ്കൂൾ ഓഫ് ഡ്രാമയിലെ കലോപാസകരുടെ കാൽചിലമ്പൊലിയും കേൾക്കാം. അരണാട്ടുകരയിലും തൊട്ടടുത്തുള്ള കലാപ്രേമികളുടെ ഒരു നിത്യ സമ്പർക്ക സ്ഥലമാണിത്. അതോടൊപ്പം അന്താരാഷ്ട്ര പ്രശസ്തിയുള്ള ഗവേഷകരുടെ സംഗമ വേദിയും. ഇവിടെ ജോൺ മത്തായി പുനർജനിക്കുന്നു.

**ചേറൂരിന്റെ സമീപകാല ചരിത്രങ്ങൾ**

ചേറൂരിനെ പോരൂർ എന്നായിരുന്നു വിളിച്ചിരുന്നത്. അതിനുള്ള കാരണം പറയുന്നത്, കൊച്ചി മഹാരാജാവും കോഴിക്കോട് സാമൂതിരിയും തമ്മിൽ യുദ്ധം ഉണ്ടായത് ഇവിടെ വച്ചായിരുന്നു. ഇവിടെ വന പ്രദേശമായിരുന്നു. കൊച്ചി മഹാരാജാവ് സാമൂതിരിയെ വധിച്ചു. ശക്തൻ തമ്പുരാനെ സംസ്കരിച്ചതിന് അടുത്തുതന്നെയാണ് സാമൂതിരിയെയും സംസ്കരിച്ചത്. പിന്നീട് കൊച്ചിക്കാരും കോഴിക്കോടുകാരും സന്ധി സംഭാഷണത്തിലൂടെ യോജിപ്പിലെത്തി. സാമൂതിരിയുടെ ആളുകളെ വിട്ടയച്ചു. അതിൽ ഭൂരിഭാഗം ഇവിടെത്തന്നെ താമസമുറപ്പിച്ചു. അവർ താമസിച്ച ഭാഗങ്ങൾ

അവർക്കുതന്നെ  കൊടുത്തു. കോഴിക്കോട്ടുകാർ ആയതുകൊണ്ട് കോഴിപ്പുറത്ത് എന്നു വിളിച്ചു പോന്നു. പിന്നീട് അത് ലോപിച്ച് കഴിമ്പുറത്ത് എന്നായി. കൊച്ചി മഹാ രാജാവിന്റെ പേരിട്ട് ചേറൂരിന്റെ ഒരു ഭാഗത്തെ " രാമ വർമ്മപുരം " എന്നു വിളിച്ചു വരുന്നു.

കൊച്ചി മഹാരാജാവിന്റെ ഭാര്യ വി.കെ പാറുക്കുട്ടി നേത്യാരമ്മയുടെ സ്ഥലത്താണ് ഇപ്പോഴത്തെ അദ്ധ്യാപക പരിശീലന കേന്ദ്രം. എഞ്ചിനീയറിംഗ് കോളേജ്, ആംഡ് റിസർവ്വ് പോലീസ് ക്യാമ്പ്, റേഡിയോ സ്റ്റേഷൻ എന്നിവ സ്ഥിതി ചെയ്യുന്നത്.

ജി.ഭാസ്കരൻ നായർ തൃശ്ശൂർ ജില്ലാ കളക്ടറായിരുന്ന കാലത്ത് തിരു കൊച്ചിയുടെ 5കി.മീ ചുറ്റുവട്ടത്ത് ഒരു എഞ്ചിനീയറിംഗ് കോളേജ് വേണമെന്നുള്ള മുകളിൽ നിന്നുള്ള ഉത്തരവു പ്രകാരം വി.കെ പാറുക്കുട്ടിയമ്മയുടെ കാര്യസ്ഥനായ "ഷാരടിയുമായി" കൂടിയാലോചിച്ച് അവരുടെ പക്കൽ നിന്ന് സ്ഥലം വാങ്ങുകയും അന്നത്തെ പ്രധാന മന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ശില സ്ഥാപനം നടത്തുകയും ചെയ്തു. കുറച്ചുനാൾ എഞ്ചിനീയറിംഗ് കോളേജിൽ പ്രവർത്തിച്ചിരുന്നു.

പനമ്പിള്ളി ഗോവിന്ദമേനോന്റെ ചുമതലയിൽ കന്യാസ്ത്രീ മഠങ്ങൾ സംഘടിപ്പിച്ച് വിമലാ കോളേജ് സ്ഥാപിച്ചു. വിമലാ കോളേജിന്റെ പിറവിക്കു ശേഷമാണ് ചേറൂരിന്റെ പേര് പ്രശസ്തിയിൽ ആയത്. തൃശ്ശൂരിൽ പട്ടാള റോഡിൽ പ്രവർത്തിച്ചിരുന്ന പോലീസ് ക്യാമ്പ് രാമവർമ്മപുരത്തേക്കു മാറ്റി.

വി.കെ പാറുക്കുട്ടി നേത്യാരമ്മയുടെ മകൻ അരവിന്ദാക്ഷൻ പീച്ചി ഡാമിന്റെ നിർമ്മാണത്തിൽ പങ്കാളിയായിരുന്നു. ആദ്യമായി കേരളത്തിൽ ശുദ്ധജല വിതരണം സ്വന്തമായി നടത്തിയിരുന്ന മുനിസിപ്പാലിറ്റി തൃശ്ശൂരാണ്. വൈദ്യുതി വിതരണവും മുനിസിപ്പാലിറ്റിയുടെ കീഴിലാണ്. ആദ്യമായി ജല വിതരണം നടത്തിയത് ചേറൂരിലേക്കായിരുന്നു.

പണിക്കവീട്ടിൽ ശങ്കുണ്ണി മേനോൻ സി.എം.എസ്സ് സ്കൂൾ ഹെഡ്മാസ്റ്റർ ജോൺ തുടങ്ങി 12 പേർ അടങ്ങുന്ന കമ്മിറ്റി ചെമ്പൂക്കാവിലുള്ള (ഇപ്പോഴത്തെ ബാലഭവനിൽ ) വീട്ടിൽ തൃശ്ശൂരിൽ ഒരു പുതിയ മുനിസിപ്പൽ ഓഫീസ് പണിയുന്നതിനെപ്പറ്റി ആലോചിച്ചു. ഇപ്പോഴത്തെ കേരളവർമ്മ ആയുർവേദ ആശുപത്രിയായിരുന്ന പണ്ടത്തെ മുനിസിപ്പൽ ഓഫീസ് എ.ആർ മേനോൻ ചെയർമാനായിരുന്ന കാലത്താണ് ഇതിനു തീരുമാനം ആയത്. തൃശ്ശൂർ കോർപ്പറേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലം അന്ന് വണ്ടിപ്പേട്ട ആയിരുന്നു. ചുറ്റിനും കൊല്ലൻമാരുടെ ആലകൾ. തൃശ്ശൂരിലെ കച്ചവടക്കാർക്ക് ഗോഡൗൺ ഉണ്ടായിരുന്നില്ല. ചെറിയചെറിയ റൂമുകളായിരുന്നു ചുറ്റിലും. കൊക്കാല വഞ്ചിക്കടവിൽ വരുന്ന ചരക്കുകൾ കാളവണ്ടികളിൽ കൊണ്ടുവരികയും ആവശ്യാനുസരണം വണ്ടിയിൽ നിന്നും എടുത്ത് കച്ചവടം ചെയ്തിരുന്നു. അതുകൊണ്ട് അങ്ങാടിക്കാർ ഈ തീരുമാനത്തെ എതിർത്തു. പഴയ നടക്കാവിലെ പട്ടച്ചാരുടെ

സ്ഥലമായിരുന്നു ഇത്. എതിർപ്പുകളെ അവഗണിച്ച് തൃശ്ശൂർ മുനിസിപ്പാലിറ്റി നിലവിൽ വന്നു. മുനിസിപ്പാലിറ്റിയുടെ ആദ്യത്തെ ചെയർമാനായിരുന്നു റാവുത്തരി കെ കൊച്ചുമാരാർ. എ,ബി,സി,ഡി എന്നായിരുന്നു അന്നത്തെ വാർഡുകൾ അറിയപ്പെട്ടിരുന്നത്.

മുളംകുന്നത്തുകാവ് നിയോകമണ്ഡലത്തിലായിരുന്നു ചേറൂർ. നികുതി കൊടുക്കുന്നവർക്കു മാത്രമായിരുന്നു വോട്ടവകാശം. ജയ്ഹിന്ദ് മാർക്കറ്റിൽ ഒരു പോലീസ് സ്റ്റേഷൻ ഉണ്ടായിരുന്നു.

## കാളത്തോട് -പ്രാദേശിക ചരിത്രം

### സമീപകാല കീഴ്വഴക്കങ്ങൾ

ഈ ഭാഗത്തെ ആദ്യത്തെ സ്കൂൾ മുക്കാട്ടുകരയായിരുന്നു. കൃഷ്ണപുരം ഹെൽത്ത് സെന്ററാണ് ആദ്യത്തെ ആശുപത്രി. ആദ്യത്തെ വായന ശാല മഹാത്മാ വായനശാലയാണ്. ഈ റൂട്ടിലെ ആദ്യത്തെ ബസ്സ് സർവ്വീസ് കേമനാർ ബസ്സ് സർവ്വീസാണ്. അതിനു ശേഷം ചെട്ടിയാരുടെ ബസ് സർവ്വീസ് വന്നു. കരി ഉപയോഗിച്ചാണ് പണ്ട് ബസ്സ് ഓടിച്ചിരുന്നത്. പിന്നീട് പി.എസ്.എൻ മോട്ടേഴ്സ് ഓടിത്തുടങ്ങി. മണ്ണുത്തിയിലെ പോസ്റ്റോഫീസാണ് ആദ്യത്തെ പോസ്റ്റോഫീസ്. അഞ്ചൽ സർവ്വീസും ഉണ്ടായിരുന്നു. പോസ്റ്റോഫീസ് സെന്റർ അഞ്ചൽ കമ്പി അഞ്ചൽ സംസ്ഥാന ഗവൺമെന്റിന്റെയും ആയിരുന്നു. ആനക്കുളത്തിനടുത്ത് വില്ലേജ് പൗണ്ട് ഉണ്ടായിരുന്നു. വില്ലേജ് മേനോൻ, പാർവത്തിക്കാരൻ എന്നിവരായിരുന്നു ഇതിന്റെ ഭരണകർത്താക്കൾ. കാളത്തോട് വഴിയമ്പലത്തിന്റെ മുന്നിൽ അത്താണിയുണ്ടായിരുന്നു. ആനക്കുളത്തിനടുത്ത് കൽത്താട്ടി ഉണ്ടായിരുന്നു. മണ്ണുത്തിയിലായിരുന്നു ഇവിടുത്തെ ചന്ത.

ഇലക്ട്രിസിറ്റി ഓഫീസ് മണ്ണുത്തിയിലാണ്. പണ്ട് കൊട്ടെണ്ണ, മരോട്ടിയെണ്ണ ഇവ ഉപയോഗിച്ചാണ് വിളക്ക് കത്തിച്ചിരുന്നത്. നാട്ടിലെ ജനങ്ങൾ കൂടി നാട്ടുകൂട്ടം (സമുദായം) കൂടിയിരുന്നു. തിരുവാണിക്കാവ് തട്ടകം ആണ്. പണ്ട് നമ്പൂതിരിമാർക്ക് ഇഷ്ടപ്പെടാത്തത് ചെയ്താൽ തെങ്ങിൽ കെട്ടിയിട്ട് അടിക്കും. തലയിൽ എണ്ണയൊഴിച്ച് വെയിലത്ത് നിർത്തും. 3 ഷില്ലി ഒരു കാലണ, 12 ഷില്ലി ഒരു അണ, 16 അണ ഒരു രൂപ.

പണ്ട് നിലത്തിരുന്നാണ് സദ്യക്ക് ആഹാരം കഴിക്കുന്നത്. പണ്ട് സദ്യക്ക് ക്ഷണിക്കുമ്പോൾ ഒരാൾ മാത്രം വരാനാണ് പറയുക. വന്നാൽ നിർബന്ധമായും പണം വയ്ക്കണം. പെണ്ണ് കെട്ടാൻ പറഞ്ഞ എണ്ണം ആളുകളെ മാത്രമേ സദ്യക്ക് ഇരുത്തുകയുള്ളൂ.

## കുർക്കഞ്ചേരി പ്രാദേശിക ചരിത്രം

1959 മുതൽ 1962 വരെ ഇവിടത്തെ ജനങ്ങൾ അസംഘടിതരും ജാതി മനോഭാവത്തിൽ കലഹങ്ങൾ ഉണ്ടാക്കുന്നവരുമായിരുന്നു. 1962-ൽ ചിലരുടെ ശ്രമത്തിൻ ഫലമായി എല്ലാവരേയും വിളിച്ചു കൂട്ടി സംഘടിച്ചു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തി കൊടുത്തതിന്റെ ഫലമായി കൂട്ടമായി പ്രവർത്തിക്കാമെന്നും ഇതിന് ശ്രീ നാരായണപുരം കോളനി എന്ന് പേരിടുകയും ചെയ്തു. തുടർന്ന കൂർക്കഞ്ചേരി കസ്തൂർബ കേന്ദ്രം വഴി വയോജന ക്ളാസ്സ് ആരംഭിച്ചു. ഇത് അധിക നാൾ നിലനിന്നില്ല. സാമ്പത്തിക ക്ളേശം മൂലം കോളനിയിൽ വൈദ്യുതി ഉണ്ടായിരുന്നില്ല എന്നതാണ് മുഖ്യ കാരണം. എല്ലാ കുടിലുകളിലും മണ്ണെണ്ണ വിളക്ക് എരിഞ്ഞുകൊണ്ടിരുന്നു.

1980 നു ശേഷം ആണ് 4 വീട്ടുകാരുടെ ശ്രമ ഫലമായി അതേ നാല് വീടുകൾക്ക് വൈദ്യുതി ലഭിച്ചത്. അതും മൂന്നാം സ്ളാബ് നിരക്കിൽ. പിന്നീട് അഞ്ച് പത്ത് വർഷത്തിന് ശേഷമാണ് എല്ലാ വീടുകൾക്കും ഒന്നാം സ്ളാബ് സിസ്റ്റത്തിൽ വൈദ്യുതി ലഭിക്കുകയുണ്ടായത്. കുടി വെള്ളത്തിനു വേണ്ടി വേനൽക്കാലത്ത് തങ്കമണിയിൽ പോയി വെള്ളം സംഭരിക്കേണ്ട ഗതിക്കേട് ഉണ്ടായിട്ടുണ്ട്.

1957-ൽ ഇ.എം എസ്സ് മന്ത്രി സഭ കേരളത്തിൽ വന്നതിനു ശേഷം പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ഉന്നതിക്കു വേണ്ടിയുള്ള പ്രവർത്തനത്തിന്റെ ഫലമായി 1959-ൽ തൃശ്ശൂർ ജില്ലയിൽ കൂർക്കഞ്ചേരി ദേശത്ത് ചിയ്യാരം (പഴയ ആലും വെട്ടുവഴി) റോഡിന്റെ തെക്ക ഭാഗത്ത് ഇപ്പോൾ നിലവിലുള്ള വാട്ടർടാങ്കിന്റെ തെക്ക് ഭാഗം ഉദ്ദേശ്യം രണ്ടര ഏക്കറോളം വരുന്ന സ്ഥലം ഒരു പ്രൈവറ്റ് പാർട്ടിയുടെ കൈയ്യിൽ നിന്ന് വാങ്ങി 30 വീട്ടുകാർക്കായി 9 ഉം 8 ഉം സെന്റ് വീതം അളന്ന് മുറിച്ച കൊടുക്കുകയും ബാക്കി 10 സെന്റ് സ്ഥലം നിവാസികളുടെ പൊതു ആവശ്യത്തിനായി ഇടുകയും ചെയ്തു. 1970 മേയ് മാസത്തിൽ എല്ലാ വീട്ടുക്കാർക്കും പട്ടയം നൽകുകയും ചെയ്തു. പട്ടയ വിതരണത്തിനു മുമ്പ് ചില സ്ഥലം മറ്റു പലർക്കും കൈമാറുകയും ചെയ്തിരുന്നു. എന്നിരുന്നാലും 13 എണ്ണം പുലയ, 12 എണ്ണം വേട്ടുവ, 4 എണ്ണം പറയൻ, 1 കണക്കൻ എന്നീ കണക്കുകൾ പ്രകാരം എല്ലാവർക്കും പട്ടയം ലഭിക്കുകയും ചെയ്തു. ഗവണ്മെന്റിന് ഇത് ഒരു മോഡൽ കോളനി ആക്കണമെന്നായിരുന്നു.

ഇവിടെയുള്ളവരിൽ ഭൂരിഭാഗവും കൂലി വേലക്കാരാണ്. അപൂർവ്വം ചിൽ മാത്രമാണ് ഗവണ്മെന്റ് സർവ്വീസുകളിലുള്ളത്. അവർക്ക് എന്ത് ചെയ്യാൻ കഴിയും. എന്നാലും ചിലരുടെ പ്രവർത്തന ഫലമായി ഇവിടത്തെ ജനങ്ങളിൽ വായന ശീലവും അറിവും ലഭിക്കുന്നതിനു വേണ്ടി “സ്വപ്ന ആർട്സ് “ എന്ന നാമത്തിൽ ഒരു വായനശാല രൂപപ്പെടുത്തുകയും പ്രവർത്തിക്കുകയും ചെയ്തു. കേവലം കുറച്ചു പേരുടെ സഹകരണം മൂലമാണ് ഇത് നടത്തികൊണ്ട് പോകുവാൻ കഴിഞ്ഞത്. ജീവിത പ്രശ്നങ്ങളാൽ ഉള്ള

സ്ഥലം കൈമാറി പോയതിനാൽ ഇവിടെ പ്രവർത്തനങ്ങൾ ഗുരുതരമാവുകയും വായനശാലയുടെ പ്രവർത്തനം നിൽക്കുകയും ചെയ്തു. കേവലം രണ്ടു വർഷം മാത്രമേ അതിന് ആയുസ്സുണ്ടായുള്ളൂ. പിൽക്കാലത്ത് ഇവിടെ സംഘടനാ പ്രവർത്തനമോ മറ്റു സാമൂഹ്യ പ്രവർത്തനത്തിനോ ആരും പ്രവർത്തിക്കുകയുണ്ടായില്ല. അഭ്യസ്ത വിദ്യരും മറ്റും ചേർന്ന് രാഷ്ട്രീയ പ്രവർത്തനത്തിൽ മുഴുകുകയും ജീവിത പ്രാരാബ്ധത്തിൽ നിന്ന് മോചനം ലഭിക്കാതെ പലരും കടക്കെണിയിൽ പെട്ട് സ്ഥലം മറ്റുള്ളവർക്ക് കൈമാറുകയും ചെയ്തു. ഇവിടെ നാനാ വിഭാഗത്തിലുള്ള 45 കുടുംബങ്ങളായി. 300-ൽപ്പരം ജനങ്ങൾ ജീവിക്കുന്നു. സർക്കാരിന്റെ കാരുണ്യംകൊണ്ട് നാല് വർഷം മുമ്പ് കോളനി റോഡ് ടാറിംഗ് നടത്തിയിട്ടുണ്ട്. മറ്റു പുരോഗമന പ്രവർത്തനങ്ങൾ ഒന്നും നടന്നില്ല.

**കുരിയച്ചിറയുടെ ചരിത്രം**

കുരിയച്ചിറ എന്ന പേരിൽ പ്രസിദ്ധമായ സ്ഥലം നൂറ് വർഷം മുമ്പ് വരെ ആൾ താമസമില്ലാത്ത ഒരു പ്രദേശമായിരുന്നു. എറണാകുളം മുതലായ ഭാഗങ്ങളിലേക്ക് ആദ്യകാലത്ത് ജനങ്ങൾ തൃശ്ശൂരിൽ നിന്ന് കുരിയച്ചിറ, ഒല്ലൂർ വഴിയാണ് പോയിരുന്നത്. തൃശ്ശൂർ നഗരത്തിലെ തോട്ടികൾ (തമിഴ് നാട്ടിൽ നിന്നു വന്ന നായ്ക്കന്മാർ) നൂറ് വർഷക്കാലം മുമ്പ് ഇവിടെ വന്ന് താമസമാക്കി. അവരുടെ പിൻ തലമുറയിൽ നിരവധി റൗഡികളും പിടിച്ചുപ്പറിക്കാരും ഉണ്ടായിരുന്നു. (ഉദാ: റൗഡി മണി, കെഡി ജോർജ്ജ്, എസ്തു, പൂച്ച പരമു, താറാവ് ജോണി മുതലായവർ) നൂറ് കൊല്ലക്കാലം മുമ്പ് ഇവിടെ ആദ്യത്തെ അറവുശാല വന്നു. അതിനെത്തുടർന്ന് ഒരു ശ്മശാനവും. അതിനാൽ ആരും പോകാൻ ഭയക്കുന്ന ഒരു ഇരുളടഞ്ഞ പ്രദേശമായിരുന്നു ഇത്.

കുരിയച്ചിറ എന്ന പേരിനോട് അനുബന്ധിച്ച് പല കഥകളും കേൾക്കാം. പണ്ടുകാലത്ത് ഇവിടെയുണ്ടായിരുന്ന “കുറിയ” ചിറ കുരിയച്ചിറ ആയതാവാം. കുരിയന്റെ ചിറ കുരിയച്ചിരയായതുമാകാം. മറ്റൊരു കഥ കോക്കാന്റെ ചിറ കുരിയച്ചിറയായതാണ്. കുരിയച്ചിറയിൽ മുണ്ടുപ്പാലം മുതൽ ഉണ്ടായിരുന്ന കയറ്റമായിരുന്നു ഗോസ്സായിക്കുന്ന് .കൊച്ചിയിൽ നിന്നുള്ള സി.എസ്.ഐ സഭക്കാരും ഇവിടെ താമസിക്കുന്നു.

ഫാദർ ജോസഫ് വടക്കൻ ആധുനിക കുരിയച്ചിറയുടെ മാത്രമേ വികാരിയായിരുന്നുള്ളൂ. കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിലെ കോളിളക്കം സൃഷ്ടിച്ച ആളായിരുന്നു ഫാദർ വടക്കൻ. സെന്റ് ജോസഫ്സ് ചർച്ച് ആണ് കുരിയച്ചിറയുടെ പുരോഗതിയുടെ കേന്ദ്ര ബിന്ദു. 1947 -ൽ ആണ് ഇതൊരു ഇടവകയായത്. 1959-ൽ ലൂർദ്ദ് മാതാവിന്റെ ഗ്രോട്ടോ പണിക്കഴിപ്പിച്ചു. കുരിയച്ചിറ സർവ്വീസ് സഹകരണസംഘം 1947-ൽ ആണ് ചെറിയ തോതിൽ തുടങ്ങിയത്. ഇന്ന് വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒന്നാണിത്. ചെമ്മണ്ണൂർ അച്ചനായിരുന്നു ഈ ബാങ്ക് തുടങ്ങിയത്. കുറച്ചുകാലം മുമ്പ്

വരെ ചെമ്മണ്ണൂർ അച്ചന്റെ ഓർമ്മക്കായി ഫുഡ്ബോൾ മത്സരങ്ങളും മറ്റ് കലാ പരിപാടികളും നടത്തിയിരുന്നു.

ഒന്നാം സ്വാതന്ത്ര്യ ദിനം മുതൽ കുരിയച്ചിറയിൽ ആഗസ്റ്റ് 15-ന് ഭക്ഷണ വിതരണം നടത്തിയിരുന്നു. 1980 ആയപ്പോളേക്കും അത് വെറും മധുര പലഹാരമായി മാറി. 1955-ൽ സ്ഥാപിച്ച കേരള ലൈബ്രറി പഴയ പ്രൗഡിയോടെ ഇന്നും നിലനിൽക്കുന്നു.

കുരിയച്ചിറ ഇന്നത്തെ നിലയിൽ എത്തിക്കുന്നതിൽ ഫാദർ ജോസഫ് വടക്കൻ വഹിച്ച പങ്ക് ചില്ലറയല്ല. ഫാദർ വടക്കന്റെ ഭവന നിർമ്മാണ പദ്ധതി കേരള ഗവൺമെന്റ് ലക്ഷം വീട് പദ്ധതിയാക്കി പരിഷ്കരിച്ചു. വീടില്ലാത്തവർക്കായി ഭവന നിർമ്മാണ പദ്ധതിയിൽ നൂതനമായ ഒരു കുറി ഫാദർ വടക്കൻ ആവിഷ്കരിച്ചു. ആഴ്ച്ചയിൽ 5 രൂപ വെച്ച് അടച്ചാൽ ഓരോ ആഴ്ച്ചയിലും നറുക്കെടുത്ത് ഒരാൾക്ക് 3 സെന്റ് സ്ഥലവും അതിൽ ഒരു ഗൃഹവും പണിത് നൽകും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള സംഘടനകൾ ഇത് പകർത്തി പരിഷ്കരിച്ചിട്ടുണ്ട്.

തൃശ്ശൂരിൽ നിന്ന് ബീഡി തൊഴിലാളികളെയും കൂലിപ്പണിക്കാരെയും കുരിയച്ചിറയിൽ കൊണ്ടു വന്ന് താമസിപ്പിച്ചത് ഫാദർ വടക്കനായിരുന്നു. നാടെങ്ങുമുള്ള റൗഡികളെയും പിടിച്ചു പറിക്കാരെയും ഒന്നിച്ച് ചേർത്ത് അവരെ ഫാദർ വടക്കൻ നല്ലവരാക്കി മാറ്റി. ഫാദർ വടക്കൻ രൂപം നൽകിയ പാർട്ടിയായിരുന്നു കെ.ടി.പി. കെ.ടി.പി. അടങ്ങുന്ന മുന്നണി ഇ.എം ശങ്കരൻ നമ്പൂതിരിപ്പാടിന്റെ രണ്ടാം മന്ത്രി സഭയിൽ ബി.വെല്ലിംഗ്ടനെ മന്ത്രിയാക്കി. കുരിയച്ചിറയിൽ കാച്ചിമ്മയുടെ പറമ്പ് എന്ന സ്ഥലത്ത് ഒരു ഹെൽത്ത് ഹൗസ് തുടങ്ങിയത് അക്കാലത്തായിരുന്നു. മന്ത്രി ബി..വെല്ലിംഗ്ടനായിരുന്നു ഹെൽത്ത് ഹൗസ് ഉത്ഘാടനം ചെയ്തത്. അദ്ദേഹം മന്ത്രിയായിരുന്നപ്പോൾ കുരിയച്ചിറക്കാർക്ക് വേണ്ടി ഒരു പുതിയ ചികിത്സാ സമ്പ്രദായം കൊണ്ടുവന്നു. കുരിയച്ചിറക്കാർക്ക് രണ്ടു രൂപ നൽകിയാൽ ഒരു പാസ്സ് ലഭിക്കും. ആ പാസ്സ് മുഖേന ഒരു കുടുംബത്തിലെല്ലാവർക്കും ഒരു മാസം ചികിത്സ ലഭിക്കും. മുന്നണി യോഗങ്ങൾ കുരിയച്ചിറയിലാണ് അക്കാലത്ത് നടന്നത്.

ഫാദർ ജോസഫ് വടക്കൻ കുരിയച്ചിറയിലെ ഓരോ പോക്കറ്റ് വഴിക്കും പഴയപേര്മാറ്റി ഓരോ വിശുദ്ധന്റെ പേര് നൽകി (ഉദാ: സെന്റ്.ജോർജ്ജ് റോഡ്) മത സൗഹാർദ്ദത്തിന്റെ പ്രതീകമെന്നോണം എല്ലാ ക്രിസ്തുമസ്സിനും സ്നേഹ വിരുന്ന് സംഘടിപ്പച്ചിരുന്നു. ഗോതമ്പ് കൊണ്ടുള്ള വട്ടയപ്പമാണ് അന്ന് മുഖ്യമായും സ്നേഹ വിരുന്നിൽ വിളമ്പിയിരുന്നത്. അരി കൊണ്ടുള്ള വട്ടയപ്പം അപൂർവ്വമായിരുന്നു. കാരണം പട്ടിണികൊണ്ട് ജനം ബുദ്ധിമുട്ടിയ നാളുകളായിരുന്നു അന്ന്. സ്നേഹ വിരുന്നിൽ വിളമ്പാനുള്ള ഇറച്ചി പള്ളിയിൽ നിന്ന് നൽകുമായിരുന്നു.

വടക്കനച്ചൻ കവിതകളും നാടകങ്ങളും എഴുതിയിരുന്നു. നാടക മത്സരങ്ങളും മറ്റു കലാ പരിപാടികളും അക്കാലത്ത് സംഘടിപ്പിക്കപ്പെട്ടിരുന്നു. വയസ്സായവർക്ക് വേണ്ടി ചാക്കിൽ കയറി ഓട്ടം, സ്പൂൺ റേസ് എന്നിവയും നടത്തിയിരുന്നു. ഫാദർ വടക്കൻ ബിഷപ്പിനെതിരെ സംഘടിപ്പിച്ച മൗന ജാഥ അക്കാലത്ത് വലിയ കോളിളക്കം സൃഷ്ടിച്ചു.

കുരിയച്ചിറയുടെ വികസനത്തിന്റെ മൂലക്കല്ല് പള്ളിയായിരുന്നു. പള്ളിയെ ചുറ്റിപ്പറ്റിയായിരുന്നു അക്കാലത്ത് വികസനം മുഴുവൻ. ക്ഷാമക്കാലത്ത് പള്ളിയിൽ നിന്ന് റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ അമേരിക്കൻ ഗോതമ്പ്, പാൽപ്പൊടി, ഉപ്പുമാവ് ഉണ്ടക്കാനുള്ള ഒരു തരം മഞ്ഞ നിറത്തിലുള്ള പൊടി എന്നിവ ലഭിച്ചുരുന്നു.

ഫാദർ വടക്കന്റെ കാലത്ത് മലയോര പ്രദേശത്തുനിന്ന് ലോറികളിൽ മരച്ചീനി വാങ്ങി കൊണ്ടുവന്ന് ഒരു റേഷൻ കാർഡുടമയ്ക്ക് 2കിലോ മരച്ചീനി എന്ന നിരക്കിൽ സൗജന്യ വിതരണം നടത്തിയിരുന്നു. വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെയും അനുകൂല്യങ്ങൾ പലർക്കും ലഭിച്ചിട്ടുണ്ട്. ഫാദർ വടക്കന്റെ കാലത്ത് സ്ത്രീധനം കൂടാതെത്തന്നെ സമൂഹ വിവാഹങ്ങൾ നടത്തിയിട്ടുണ്ട്. ഇത് കുരിയച്ചിറക്ക് ചരിത്രത്തിൽ ഇടം നേടിക്കൊടുത്ത ഒന്നാണ്.

പഴയകാല ഫുഡ്ബോൾ കളിക്കാരായ എം.എം ജേക്കബ്, എ.എം സെബാസ്റ്റ്യൻ, സക്കറിയ എന്നിവരും ഓട്ടക്കാരനായ എം.എം ആന്റോ സഹോദർ, എം.എം.ജോസ് എന്നിവരും കുരിയച്ചിറയുടെ അഭിമാനമായിരുന്നു. കേരള വ്യാപാരി വ്യവസായി യൂണിയന്റെ സ്ഥാപക ചെയർമാനായ ശ്രീ.ചാലിശ്ശേരി മാത്യു ജോർജ്ജ് സാറിന്റെ സഹായത്തോടുകൂടിയാണ് സി.എം.സി സഭക്കാർ സെന്റ് പോൾസ് സ്കൂൾ സ്ഥാപിച്ചത്. ആദ്യ കാലത്ത് കന്യാസ്ത്രീകൾ വീട്ടിൽ വന്ന് കുട്ടികളെ ചേർത്തുമായിരുന്നു. ഇന്ന് സെന്റ് പോൾസ് സ്കൂൾ നില നിൽക്കുന്ന സ്ഥലത്ത് 30 വർഷം മുമ്പ് ഒരു വയൽ അതിനടുത്ത് ഒരു കുളം എന്നിവയുണ്ടായിരുന്നു. കുട്ടികളുടെ പഠനാർത്ഥം പലരും അക്കാലത്ത മറ്റുസ്ഥലങ്ങളിൽ നിന്ന് കുരിയച്ചിറയിലെത്തി താമസിക്കാൻ തുടങ്ങി. ആ സമയത്താണ് പ്രസിദ്ധനായ ചാക്കോരു മാഷ് സെന്റ് ജോസഫ് സ്കൂൾ തുടങ്ങിയത്. അദ്ദേഹം പിന്നീട് സ്വന്തം പേര് ആചാര്യ ജെ.സി.ചിറമ്മൽ എന്നാക്കി മാറ്റി. അദ്ദേഹം ഒരു സംസ്കൃത പണ്ഡിതനായിരുന്നു. ഒരു ക്രിസത്യാനിക്ക് സംസ്കൃതത്തിൽ അഗാധമായ പാണ്ഡിത്യ മുണ്ടാകുന്നത് അക്കാലത്ത് അപൂർവ്വമായ കാര്യമായിരുന്നു.

നെഹ്റു യുവകേന്ദ്രവും ജവഹർ സോഷ്യൽ ആർട്സ് ക്ലബ്ബും കുരിയച്ചിറയിൽ ഉണ്ടായിരുന്നു. ആ പേരിൽ നിന്നാണ് നെഹ്റു നഗർ ഇവിടെ രൂപം കൊണ്ടത്.

കുരിയച്ചിറ എന്ന സാഥലം ഒല്ലൂർ ഗ്രാമപഞ്ചായത്തിന്റെയും കൂർക്കഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെയും നടുവിൽപ്പെട്ട സ്ഥലം ആയിരുന്നു. അതു കാരണം ഈ പ്രദേശത്തിന് ഒല്ലൂർ, ചേർപ്പ നിയോജക മണ്ഡലങ്ങളിൽ നിന്ന് രണ്ട് എം.എൽ.എ മാർ ഉണ്ടെന്നു പറയാം.

കാരിക്കാട്ടുകര ശിവക്ഷേത്രം എന്ന ഹിന്ദു ശിവക്ഷേത്രം കുരിയച്ചിറയിലാണ്. ജീർണ്ണാവസ്ഥയിലായിരുന്ന ഈ ക്ഷേത്രം ഇപ്പോൾ പുനരുദ്ധാരണം നടത്തി.

ജില്ലാ സഹകരണ ആശുപത്രി ഇവിടെ സ്ഥാപിതമായിട്ട് പത്തു വർഷം കഴിഞ്ഞു. മഹാത്മ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്ന സ്ഥാപനം ഇന്ന് വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.

മിക്കവരും ഇവിടം വിട്ടു പോയി. ഇപ്പോൾ ഉള്ളവർ അധികവും മറ്റു സ്ഥലങ്ങളിൽ നിന്നു വന്ന് താമസിക്കുന്നവരാണ്. വിദ്യാർത്ഥികളായ മക്കളുടെ പഠനത്തിന് വേണ്ടിയാണ് മിക്കവരും അന്യ നാട്ടുകളിൽ നിന് വന്ന് കുരിയച്ചറയിൽ താമസമാക്കുന്നത്. രണ്ട് ഇംഗ്ളീഷ് മീഡിയം സ്കൂളുകളും മൂന്നു മലയാളം മീഡിയം സ്കൂളുകളും കുരിയച്ചിറയിൽ ഉണ്ട്. ഇവിടെ കൂടുതൽ പേർ വന്ന് താമസിക്കുന്നതിനുള്ള പ്രധാന കാരണം വിദ്യാഭ്യാസത്തിനുള്ള ഇത്രയും വിപുലമായ സൗകര്യങ്ങൾ തന്നെയാണ്.

കുരിയച്ചിറയിലെ രാഷ്ട്രീയ രംഗം പൊതുവെ സമാധാന പരമായിരുന്നു. ഈ രാഷ്ട്രീയ പ്രബുദ്ധത ഇവിടത്തെ വികസനത്തിന്റെ അടിസ്ഥാന കാരണമാണ്. ഇന്ന് ഇവിടെ താമസിക്കുന്നവർ തൃശ്ശൂർ നഗരത്തിൽ പല തരം കച്ചവടങ്ങളുടെ ചുക്കാൻ പിടിക്കുന്നവരാണ്. ആലുക്കാസ് ജ്വല്ലേഴ്സ്, ജോസ്കോ ജ്വല്ലേഴ്സ്, ചാക്കോളാസ് ടെക്സ്റ്റൈൽസ് എന്നിവയുടെ ഉടമമാരും, സിറ്റി സെന്റർ ക്രേസ് ബിസ്കറ്റ് എന്നിവയുടെ സാരഥികളും കുരിയച്ചിറയിൽ സ്ഥിരതാമസം ആക്കിയിരിക്കുന്നു.

വ്യക്തികളുടെ പുരോഗമനത്തിന്റെ ഭാഗമായിട്ടുള്ള വികസനമേ കുരിയച്ചിറയിലുള്ളൂ. ഏറ്റവും കൂടുതൽ നികുതി പിരിഞ്ഞു കിട്ടുന്ന ഭാഗമായിട്ടും സർക്കാർ വികസന കാര്യത്തിൽ ഈ ഭാഗത്തിന് പ്രാധാന്യം നൽകുന്നില്ല. കുരിയച്ചിറയിൽ ഈ അടുത്ത കാലത്ത് ഒരു ടെലഫോൺ എക്സ്ചേഞ്ച് വന്നിട്ടുണ്ട്. ഇവിടെയുള്ള പോസ്റ്റോഫീസും ഇലക്ട്രിസിറ്റി ആഫീസും മാറ്റുവാനുള്ള നീക്കം ജനങ്ങളുടെ ശക്തമായ പ്രക്ഷോപത്തെത്തുടർന്ന് പിൻവലിക്കേണ്ടി വന്നു.

ഇന്ന് അയ്യായിരം കുടുംബങ്ങളുള്ള ഈ പ്രദേശം അനുദിനം പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്.

വേലപ്പന്റെ ഓർമ്മയിൽ 50 വർഷം മുമ്പ് ഉള്ള കാലത്തെകുറിച്ചാണ് പറയുന്നത്. ചിയ്യാരം സ്വദേശിയാണ് വേലപ്പൻ. അദ്ദേഹത്തിന്റെ വീടിനു ചുറ്റും ഒരു വശത്ത് കാടും മറ്റു വശങ്ങളിൽ പേരാലുകളും കശുമാവും ധാരാളം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ ഒരു മുല്ലത്തറയുണ്ട്. അവിടെ അവരുടെ ദേവീ സങ്കൽപ്പമായ രുദ്രമാല ഭഗവതിയുടെ കാവ് ഉണ്ട്. അവിടെ മുപ്പത് വർഷങ്ങൾക്ക് മുമ്പ് വരെ കളംവരയും വേലൻമാരുടെ പാട്ടും തുള്ളലും തോറ്റം പാട്ടും നടത്തിയിരുന്നു. അവിടെയുണ്ടായിരുന്ന കാട് കരുംപറ്റ നായന്മാരുടേതായിരുന്നു. അതിന്റെ കാവലിനായി രണ്ട് മുളയൻമാരായിരുന്നു താമസിച്ചിരുന്നത്. ഒരാൾ ഒരറ്റത്തും മറ്റേയാൾ മറുവശത്തുമാണ് താമസിച്ചിരുന്നത്. ഇവരിൽ നിന്നുമാണ് മുളയൻമാർ അവിടെ പെരുകിയുണ്ടായത് എന്ന് അറിയപ്പെടുന്നു. അവിടത്തെ ആദ്യത്തെ മുളയൻമാർ ചാത്തനും ഏരിയമാണ്.

ചിയ്യാരത്തെ ചാത്തുണ്ണി എഞ്ചിനീയർ ആയിരുന്നു അതിലൂടെ ആദ്യമായി കനാലുകൾ നിർമ്മിച്ചത്. അദ്ദേഹം പീച്ചിയിൽ നിന്നുമായിരുന്നു അതിലൂടെ വെള്ളം എത്തിച്ചിരുന്നത്. ആ കനാൽ ആയിരുന്നു അവരുടെ ജലസേചന സ്രോതസ്സ്. കാരണം ആ കനാലുകളിൽ ഉള്ള വെള്ളം കാരണമായിരുന്നു അവിടത്തെ ജനക്കൂട്ടത്തിന്റെ വീട്ടു കിണറുകളിൽ ജലക്ഷാമം അനുഭവപ്പെടാത്തത്. ഇപ്പോൾ അതിലൂടെ വെള്ളം ഒഴുകുന്നില്ല. അതിനാൽ കിണറുകൾ വറ്റുകയും ചെയ്തു.

**പ്രാദേശിക ചരിത്രം**

മിഷ്യൻകോട്ടേജിൽ തിമിത്തിചേട്ടനും കുടുംബവും താമസിക്കുന്നത്. സെമിത്തേരിക്കടുത്ത് ഒരു കിടങ്ങുണ്ട്. ആ കിടങ്ങ് ടിപ്പുവിന്റെ കാലത്ത് ഉള്ളതാണ്. അന്ന് അവർക്ക് എന്തു കളി വേണമെങ്കിലും കളിക്കാമായിരുന്നു. ഫ്രഞ്ചുവാർക്കളി,മാസുക്കളി, തുണിപ്പന്തുക്കളി അങ്ങനെ എന്തു കളി വേണമെങ്കിലും കളിച്ചിരുന്നു. അവരുടെ വീടിന്റെ മുറ്റത്ത് ഒരു കള്ള് ഷാപ്പ് ഉണ്ടായിരുന്നു. കള്ളു ഷാപ്പിന്റെ മുതലാളി പൊന്നാരൻ കുട്ടി ആയിരുന്നു. അയാൾ വരുമ്പോൾ മാത്രമേ കാറ് കൊണ്ടു വരുമായിരുന്നുള്ളൂ. അങ്ങനെയാണ് ആദ്യമായി കാറുകണ്ടത്. ആഴ്ചയിൽ ഒരിക്കലാണ് കളക്ഷനുവേണ്ടി വരിക. അവിടെ ആകെ പത്തോ പന്ത്രണ്ടോ വീടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കാര്യമായ ജോലികൾ ഉണ്ടായില്ല. കൃഷിപ്പണി മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരുടെ വീടിന്റെ അടുത്ത് തീണ്ട പുലയന്മാരും മുളയന്മാരും 12 കുടുംബങ്ങളും താമസിച്ചിരുന്നു. ശങ്കര പൊതുവാളിന്റെ ഒരുപറനിലമായിരുന്നു. അന്ന് തിമത്തിയുടെ അപ്പൻ ബിസിനസുകാരനായിരുന്നു. മരംകൊണ്ട് ഫ്രെയിമുണ്ടാക്കുന്ന ഒരു ചെറിയ വ്യവസായിയായിരുന്നു അദ്ദേഹം. അത്യാവശ്യം വീട്ടിൽ പണിക്കാരുമുണ്ടായിരുന്നു. അന്ന് മെഷീൻ ഇല്ലായിരുന്നു. വീട്ടിലിരുന്നു

ഫ്രെയിമുകളുണ്ടാക്കി കൈ വളുകൾ കൊണ്ട് ഉപകരണങ്ങൾ നിർമ്മിച്ച് ചായമടിക്കുന്നു.

**അന്നത്തെ കുളം**

തൃപ്പാക്കുളം- മിഷ്യൻ ആശുപത്രിയുടെ വലതുഭാഗത്തുള്ള കുഴിയാണ് കക്കൂസ് കുഴി ഇപ്പോൾ വളരെ വൃത്തിയായിട്ടുണ്ട്. കൊല്ലും കൊലയും സാമൂഹ്യദ്രോഹികൾ ചെയ്തിരുന്നു. അപ്പോൾ റോഡിന് വളരെ വീതി കുറവായിരുന്നു. പള്ളിക്കുളം പള്ളിക്കാരുടെ കുളം ആയിരുന്നു. ഒരു വലിയ പള്ളി മാത്രമേ ഉണ്ടായിരുന്നുള്ളൂ. വസ്ത്ര രീതി മുണ്ടും ഷർട്ടും പാന്റ്സും ഇല്ലായിരുന്നു. സ്ത്രീകൾ മുണ്ടും റൗക്കയും മേൽ മുണ്ടും മാത്രമേ ധരിച്ചിരുന്നുള്ളൂ. ചെറിയ കുട്ടികൾ കോണകം ഉടുത്താണ് നടന്നിരുന്നത്. 1958-ൽ ചേലക്കര സ്ഥലം തിമത്തിചേട്ടൻ വാങ്ങിച്ചു. വയസ്സായവർ മുണ്ടും രണ്ടാമുണ്ടും ധരിച്ചിരുന്നു. സി.എസ്.ഐ ക്കാരുടെ നാലു വരെയുള്ള സ്കൂളുകൾ ഉണ്ടായിരുന്നു.

**ചന്തകൾ**

അന്നത്തെക്കാലത്ത് ഒരു ചില്ലിക്ക് മുറുക്കാൻ,പഴം, നാളികേരംകൊത്ത് എന്നിങ്ങനെ കിട്ടിയിരുന്നു. ഒരു അണയ്ക്ക് ഇടങ്ങഴി അരിയും പലചരക്ക് കടയിൽ എല്ലാ വിധ സാദനങ്ങളും കിട്ടും. ഒരു അണ എന്നത് 12 ചില്ലി. അന്നത്തെ കൂലി നാലണ. അന്നത്തെ പെയിന്റ് മാർക്ക് കുടമാർക്ക് ആയിരുന്നു. അന്നത്തെ മാർക്കറ്റ് ഹെവ്ലോക്ക് മാർക്കറ്റാണ്. ആ മാർക്കറ്റാണ് ഇപ്പോഴത്തെ മീൻ മാർക്കറ്റ്. ചേമ്പ്, കിഴങ്ങ്, ചെറുകിഴങ്ങ് കാവത്ത്, എന്നിവയാണ് കൂടുതൽ മാർക്കറ്റിലെ സാധനങ്ങൾ. പടിഞ്ഞാറെ കോട്ടയിലായിരുന്നു ചന്ത. അന്ന് കൂലി വളരെ കുറവായിരുന്നു. വയറു നിറയെ ഭക്ഷണം കഴിക്കാൻ സാധിക്കുമായിരുന്നില്ല.

**സാംസ്കാരിക ജീവിതം**

അന്ന് തൃശ്ശൂർ പൂരം ഉണ്ടായിരുന്നു. വെടിക്കെട്ടുണ്ടായിരുന്നു. 15 ആനകൾ നിരന്നു നിന്നിട്ടാണ് പൂരം. വൈകുന്നരം 8 മണി കഴിഞ്ഞാൽ ആരും പുറത്തേക്കിറങ്ങില്ല. പ്രേതങ്ങളുടെ കളിയാണ്. അവിടെ ഒരു കുളം ഉണ്ട്. ഭൂതങ്ങളുടെ കുളം എന്നാണ് പറയുന്നത്. ആരും അവിടെ കുളിക്കാൻ വന്നിരുന്നില്ല. യേശുവാ ദേവസ്സിക്കുട്ടി എന്ന ആൾ വളരെ പ്രസിദ്ധികേട്ട കള്ളനായിരുന്നു. അവിടെ അവരുടെ കുടുംബമായിരുന്നു താമസിച്ചിരുന്നത്. ഇപ്പോൾ അവർ ആരുമില്ല. ഇപ്പോഴത്തെ മെഡിക്കൽേകാളേജ് ചെറിയ ഒരു ആശുപത്രി ആയിരുന്നു. അന്നൊക്കെ പ്രസവം എടുത്തിരുന്നത് വയറ്റാട്ടികൾ ആയിരുന്നു. മിഡൈ്വഫ് വളരെ കുറവായിരുന്നു. അന്നത്തെ കാലത്ത് ജോസ് തിയ്യേറ്ററും, രാമവർമ്മ തീയ്യേറ്ററും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അന്ന് നാടകം തിയ്യേറ്ററുകളിലാണ് നടത്തിയിരുന്നത്. അന്നത്തെ നാടകങ്ങൾ വളരെ നല്ലതായിരുന്നു. അന്നത്തെ കാലത്ത് വളരെ ജാതി വ്യത്യാസങ്ങൾ ഉണ്ടായിരുന്നു.

അന്നത്തെ വീടുകൾ ഓലകൊണ്ടും വൈക്കോൽ കൊണ്ടും ആയിരുന്നു. ഇടക്ക് ഒരു ഓടുവീട് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അന്ന് കള്ള് കുടിച്ചിരുന്നത് മുളയജാതികൾ

മാത്രമാണ്. അന്നത്തെ കാലങ്ങളിൽ കുംഭാരന്മാരും ഓടന്മാരും മാത്രമേ ചട്ടിയും കലവും ഉണ്ടാക്കിയിരുന്നുള്ളൂ. കുംഭാരന്മാരുടെ കലങ്ങളാണ് നല്ലത്. ഓടന്മാരുടെ മൺപാത്രം പൊട്ടിത്തെറിക്കും. അന്ന് ഓട്ടുകമ്പനികൾ വളരെ ദുർലഭമായിരുന്നു. ചാക്കോള ടൈൽസ് കമ്പനിയാണ് ഉണ്ടായിരുന്നത്. ഏക ടേരാൻസ് പോർട്ടിംഗ് വഞ്ചിക്കുളങ്ങര കടവ് ആയിരുന്നു. ആ കടവിലാണ് കള്ള് വരുന്നത്. 79-ൽ പ്രൊഫസ്സർ.ജോർജ്ജ് എം.എൽ.എ ആയിരുന്നു. അന്നത്തെ മുറി ചന്ത പടിഞ്ഞാറേ കോട്ടയിലാണ്. അന്ന് പോസ്റ്റോഫീസ് ഓർമ്മയിലില്ല.

ശങ്കരയ്യരേറോഡും പടിഞ്ഞാറേ കോട്ടയും അടങ്ങുന്ന പ്രദേശം തൃശ്ശൂർ നഗരത്തിലെ ഏറ്റവും പിന്നണിയിൽ നിൽക്കുന്ന പ്രദേശമായിരുന്നു. ഇന്ന് അല്പ സ്വല്പം പുരോഗതിയൊക്കെ കൈ വന്നിട്ടുണ്ടെങ്കിലും പിന്നോക്കാവസ്ഥക്ക് കാര്യമായ മാറ്റ മൊന്നുമില്ല. ഒരു കാര്യത്തിൽ മുൻ നിര പ്രദേശമാണിത്. ഒരു വിദേശ മദ്യ കടയും മൂന്ന് ബാറുകളും ഒരു കള്ളു ഷാപ്പുമുണ്ട്.

കാള വണ്ടിക്കാരുടെ വണ്ടിച്ചാലായിരുന്നു പഴയ കാലത്ത് ശങ്കരയ്യ റോഡ്. അന്ന് വെറും മൺനിരത്തായിരുന്നു. ഇന്ന് ടാർറോഡായി പുരോഗമിച്ചിട്ടുണ്ട്. മാറ്റങ്ങൾ കാണാത്ത വിധം തീപ്പെട്ടിക്കൂടുകൾ അടുക്കി വെച്ചതുപോലുള്ള വീടുകളും അവയിലെല്ലാം എണ്ണ മറ്റ താമസക്കാരു മുണ്ടായിരുന്നു. ഇന്ന് താമസക്കാരുടെ എണ്ണം ഗണ്യമായി കുറയുകയും തൽസ്ഥാനത്ത്  ഷോപ്പുകളും രണ്ട് ആരാധനാലയങ്ങളും ഉയർന്നു വന്നിട്ടുണ്ട്.

പള്ളി വാസൽ കറണ്ട് ഉപയോഗിച്ച് കോട്ടപ്പുറത്തെ പവർ ഹൗസ് വഴി അമ്പിളി കമ്പനിയാണ് തൃശ്ശൂർ നഗരം വൈദ്യുതീകരിച്ചത്. ശങ്കരയ്യർ റോഡിലെ വിദ്യുച്ഛക്തി വിതരണത്തിന് സീതാറാം മില്ലിലെ ടർബയിൻ പ്രയോജനപ്പെടുകയും ചെയ്തു.

ശങ്കരയ്യർ റോഡിലെ ഏറെ ജീവനക്കാരും സീതാറാമില്ലിലെ ജീവനക്കാരായിരുന്നു. മില്ലിന്റെ തകർച്ചയോടെ ഏറെ പേരും തൊഴിൽ രഹിതരായി. അതുകൊണ്ടു കൂടിയാണ് നിവാസികൾ ഒഴിഞ്ഞു പോയത്.

നഗരത്തിലെ പ്രധാന റോഡുകൾ കോൺക്രീറ്റ് ചെയ്ത അവസരത്തിൽ ഈ മേഖലയിൽ വന്ന് അവസാനിക്കുന്ന പടിഞ്ഞാറേ നടക്കാവ് (ഇന്നത്തെ ജി റോഡ്) കോൺക്രീറ്റ് ചെയ്യുകയുണ്ടായി. എന്നാൽ ഇന്ന് ടാർ റോഡായി പരിണമിച്ചിരിക്കുന്നു.

ശങ്കരയ്യർ റോഡിന് സെക്കന്റ് മോസ്കോ എന്നൊരു പേരുണ്ടായിരുന്നു. കാരണം അവിടുത്തെ നിവാസികളിൽ ഏറെ പേരും കമ്മ്യൂണിസ്റ്റ് അനുഭാവികളോ പ്രവർത്തകരോ ആയിരുന്നു. വസ്തു നികുതി നൽകുന്നവരും പത്താം ക്ലാസ്സ് പാസ്സായവരും മാത്രം വോട്ടവകാശികളായിരുന്ന കാലത്ത് മറ്റു പാർട്ടി അംഗങ്ങൾ ഇവിടെ നിന്ന് വിജയിച്ച് മുനിസിപ്പൽ കൗൺസിൽമാർ ആയിട്ടുണ്ട്. പ്രായപൂർത്തി

വോട്ടവകാശം അനുവദിച്ചതിനു ശേഷം ശ്രീ. എൻ.എൻ. പത്മനാഭ മേനോനൊഴിച്ച് കമ്മ്യൂണിസ്റ്റുകാരല്ലാത്ത ആരും ഈ പ്രദേശത്ത് തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല. ഒരു തവണ കൗൺസിലിൽ സ.കെ.കെ വാരിയർ മാത്രം കമ്മ്യൂണിസ്റ്റുകാരനായി വിജയം വരിച്ച ചരിത്രമുണ്ടായിട്ടുണ്ട്. അദ്ദേഹം വിജയിച്ചതാകട്ടെ ഈ വാർഡിൽനിന്നും. ഒരു പക്ഷേ ഈ വസ്തുത ഈ പ്രദേശത്തോടുള്ള അവഗണനക്ക് കാരണമായിരുന്നിരിക്കാം.

ഗുരുവായൂർ റോഡിന് പടിഞ്ഞാറു വശം കല്ലുപാലം പ്രദേശമാകെ പാടമായിരുന്നു. ചാലിലൂടെ ഒഴുകി വരുന്ന വെള്ളം അവിടെ കെട്ടി നിന്നിരുന്നു. ഇന്നും ഈ അവസ്ഥക്ക് വലിയ മാറ്റമൊന്നുമില്ല.

കോട്ടപ്പുറം വൈദ്യുതഭവന് മുൻ വശത്തെ കൈകുളവും പഠനോദ്യാനത്തിനു സമീപത്തെ കുളവും അപ്രത്യക്ഷ്യമായിരിക്കുന്നു. കിണറുകളാണെങ്കിൽ ഏറെയും മൂടിപ്പോയിരിക്കുന്നു. അതുകൊണ്ടു തന്നെ ജലക്ഷാമം രൂക്ഷമാണ്. മുനിസിപ്പൽ പൈപ്പു വഴിയുള്ള ജല വിതരണം തുലോം പര്യാതമാണ്.

ഇപ്പോഴത്തെ ഗുരുവായൂർ റോഡിൻ കിഴക്കുവശം പട്ടാള ക്യാമ്പായിരുന്നു. പിന്നീടത് കന്നുകാലി ചന്തയാക്കി. ഇന്ന് ചന്ത ലാലൂരാണ് പ്രവർത്തിക്കുന്നത്. ചന്തയിരിക്കുന്ന സ്ഥലം അപൂർണ്ണമായി റിംഗ് റോഡിന്റെ ഭാഗമാണ്.

ചന്തയിരുന്ന സ്ഥലവും കാൽവരി റോഡും കോട്ടയുടെ കിടങ്ങായിരുന്നു. പിന്നീടത് തൂർന്നു പോയി. കൽവരി റോഡിന്റെ വശങ്ങളിൽ കോട്ട തൂർന്ന സ്ഥലത്ത് മുനിസിപ്പൽ തൊഴിലാളികൾക്കുവേണ്ടി വീടുകൾ വെച്ചു നൽകുകയുണ്ടായി.

ശങ്കരയ്യ റോഡിന്റെ തെക്കേ അറ്റമായ കൊക്കാല വഞ്ചിക്കുളം ചരക്കു ഗതാഗതത്തിന്റെ സിരാകേന്ദ്ര മായിരുന്നു. കനാലുകൾ നികന്നു പോയതു കൊണ്ട് ആ സൗകര്യം നഷ്ടപ്പെടുകയുണ്ടായി.

ഓലോക്ക കനാൽ വളരെ വീതി കൂടിയ ഒരു നീർച്ചാലായിരുന്നു. ഇന്നത് ചെറിയൊരു ചാലു മാത്രമായി പരിണമിച്ചു. ഇരു വശത്തുമുള്ള വസ്തു ഉടമകൾ വെട്ടിപ്പിടച്ചതാകാം.